# പുസ്തകത്തിനാധാരമായ മൂല്യഗ്രന്ഥങ്ങളുടെ പട്ടിക

Abbreviations: DN-Dīgha Nikāya
MN-Majjhima Nikāya
SN-Saṃyutta Nikāya
AN-Aṅguttara Nikāya

## BUDDHA

| *Section* | *Page* | *Line* | *Source* |
|---|---|---|---|
| Chapter 1 | | | |
| 1 | 2 | 1 | Various Scriptures |
| | 5 | 1 | AN 3-38, Sukhumālā-sutta |
| | 5 | 19 | MN 3-26, Ariyapariyesana-sutta |
| | 5 | 36 | Various Scriptures |
| | 7 | 1 | MN 9-85, Bodhirājakumāra-sutta |
| | 7 | 8 | Various Scriptures |
| | 7 | 17 | Sutta-nipāta 3-2, Padhāna-sutta |
| | 7 | 27 | Various Scriptures |
| | 8 | 14 | Vinaya, Mahāvagga 1 |
| | 9 | 10 | DN 16, Mahāparinibbāna-sutta |
| 2 | 10 | 19 | DN 16, Mahāparinibbāna-sutta |
| | 11 | 18 | Parinibbāna-sutta |
| | 13 | 13 | Parinibbāna-sutta |
| | 13 | 22 | DN 16, Mahāparinibbāna-sutta |
| Chapter 2 | | | |
| 1 | 15 | 1 | Amitāyur-dhyāna & Vimalakīrti-nirdeśa sūtras |

| *Section* | *Page* | *Line* | *Source* |
|---|---|---|---|
| | 15 | 9 | Śūraṃgama-sūtra |
| | 15 | 14 | Vimalakīrtinirdeśa & Mahāparinirvāṇa sūtras |
| | 16 | 8 | Saddharmapuṇḍarīka-sūtra 16 |
| | 17 | 1 | Mahāyāna-jātaka-cittabhūmi-parīkṣa-sūtra |
| | 17 | 8 | Mahāparinirvāna-sūtra |
| 2 | 19 | 1 | Saddharmapuṇḍarīka-sūtra 3 |
| | 20 | 1 | Saddharmapuṇḍarīka-sūtra 4 |
| | 21 | 18 | Saddharmapuṇḍarīka-sūtra 5 |
| 3 | 22 | 23 | Saddharmapuṇḍarīka-sūtra 16 |
| Chapter 3 | | | |
| 1 | 25 | 1 | Avataṃsaka-sūtra 5 |
| | 26 | 7 | Mahāparinirvāṇa-sūtra |
| | 26 | 14 | Avataṃsaka-sūtra |
| | 26 | 28 | Suvarṇaprabhāsottamarāja-sūtra 3 |
| 2 | 29 | 8 | Avataṃsaka-sūtra |
| | 29 | 22 | Avataṃsaka-sūtra 34, Gaṇḍa-vyūha |
| | 29 | 27 | Smaller Sukhāvatīvyūha-sūtra |
| | 29 | 33 | Avataṃsaka-sūtra |
| | 30 | 7 | SN 35-5 |
| | 30 | 11 | Mahāparinirvāṇa-sūtra |

| *Section* | *Page* | *Line* | *Source* |
|---|---|---|---|
| 3 | 32 | 12 | MN 8-77, Mahāsakulūdayi-sutta |
| | 33 | 4 | Mahāparinirvāṇa-sūtra |
| | 33 | 21 | Laṅkāvatāra-sūtra |
| | 34 | 4 | Avataṃsaka-sūtra 32 |
| | 34 | 22 | Saddharmapuṇḍarīka-sūtra 25 |
| | 35 | 1 | Mahāparinirvāṇa-sūtra |
| | 35 | 18 | Saddharmapuṇḍarīka-sūtra 2 |
| | 35 | 28 | Saddharmapuṇḍarīka-sūtra 3 |
| | | | DHARMA |
| Chapter 1 | | | |
| 1 | 38 | 1 | Vinaya, Mahāvagga 1-6 & SN56-11-12, Dhammacakka-pavattana-sutta |
| | 39 | 18 | Itivuttaka 103 |
| | 40 | 1 | MN 2, Sabbāsava-sutta |
| | 40 | 9 | Sūtra of Forty-two Sections 18 |
| | 41 | 1 | Śrīmālādevīsiṃhanāda-sūtra |
| 3 | 42 | 25 | Avataṃsaka-sūtra 22, Daśa-bhūmika |
| Chapter 2 | | | |
| 1 | 46 | 1 | MN 4-35, Cūḷasaccaka-sutta |
| | 48 | 10 | AN 5-49, Muṇḍarāja-vagga |
| | 48 | 24 | AN 4-185, Samaṇa-sutta |
| | 49 | 1 | AN 3-134, Uppāda-sutta |

| *Section* | *Page* | *Line* | *Source* |
|---|---|---|---|
| 2 | 49 | 9 | Laṅkāvatāra-sūtra |
| | 49 | 14 | Avataṃsaka-sūtra 2 |
| | 50 | 1 | Avataṃsaka-sūtra 16 |
| | 50 | 21 | Avataṃsaka-sūtra 22, Daśa-bhūmika |
| | 51 | 1 | Laṅkāvatāra-sūtra |
| | 51 | 9 | AN 4-186, Ummagga-sutta |
| | 51 | 14 | Dhammapada 1, 2, 17, 18 |
| | 52 | 1 | SN 2-1-6, Kāmada-sutta |
| 3 | 52 | 17 | Avataṃsaka-sūtra 16 |
| | 52 | 28 | Laṅkāvatāra-sūtra |
| | 53 | 26 | MN 3-22, Alagaddūpama-sutta |
| | 54 | 8 | Laṅkāvatāra-sūtra |
| | 54 | 14 | Laṅkāvatāra-sūtra |
| 4 | 57 | 10 | Vinaya, Mahāvagga 1-6 |
| | 58 | 1 | Laṅkāvatāra-sūtra |
| | 58 | 9 | SN 35-200, Dārukkhandha-sutta |
| | 58 | 21 | Laṅkāvatāra-sūtra and others |
| | 59 | 9 | MN 2-18, Madhupiṇḍika-sutta |
| | 59 | 25 | Laṅkāvatāra-sūtra |
| | 60 | 15 | Laṅkāvatāra-sūtra |
| | 61 | 11 | Vimalakīrtinirdeśa-sūtra |
| | 63 | 15 | Avataṃsaka-sūtra 34, Gaṇḍa-vyūha |
| | 63 | 25 | Laṅkāvatāra-sūtra and others |

| *Section* | *Page* | *Line* | *Source* |
|---|---|---|---|
| Chapter 3 | | | |
| 1 | 65 | 1 | Vinaya, Mahāvagga 1-5 |
| | 65 | 19 | Vinaya, Cūḷavagga 5-21 |
| | 66 | 3 | Śūraṃgama-sūtra |
| 2 | 71 | 10 | Śūraṃgama-sūtra |
| | 73 | 5 | Mahāparinirvāṇa-sūtra |
| | 73 | 14 | Saddharmapuṇḍarīka-sūtra 7 & Śūraṃgama-sūtra |
| | 74 | 1 | Avataṃsaka-sūtra 32 |
| | 74 | 8 | Mahāparinirvāṇa-sūtra |
| | 74 | 13 | Brahmajāla-sūtra |
| | 75 | 1 | Mahāparinirvāṇa-sūtra |
| 3 | 75 | 19 | Mahāparinirvāṇa-sūtra |
| Chapter 4 | | | |
| 1 | 81 | 1 | Śrīmālādevīsiṃhanāda-sūtra |
| | 82 | 10 | AN 2-11 |
| | 82 | 15 | Itivuttaka 93 |
| | 82 | 23 | Vinaya, Mahāvagga |
| | 83 | 8 | AN 3-68, Aññātitthika-sutta |
| | 83 | 26 | AN 3-34, Āḷavaka-sutta |
| | 84 | 15 | Vaipulya-sūtra |
| | 84 | 21 | Vinaya, Mahāvagga 1-6, Dhammacakkapravattana-sutta |
| | 85 | 1 | MN 2-14, Cūḷadukkhakkhandha-sutta |
| | 85 | 17 | Mahāparinirvāṇa-sūtra |
| | 86 | 17 | Itivuttaka 24 |

| *Section* | *Page* | *Line* | *Source* |
|---|---|---|---|
| 2 | 88 | 14 | MN 6-51, Kandaraka-suttanta |
| | 89 | 8 | AN 3-130 |
| | 89 | 19 | AN 3-113 |
| 3 | 90 | 9 | Itivuttaka 100 |
| | 90 | 25 | Saṃyuktaratnapiṭaka-sūtra |
| | 91 | 18 | Mahāparinirvāṇa-sūtra |
| | 93 | 1 | AN 3-62 |
| | 93 | 18 | AN 3-35, Devadūta-sutta |
| | 94 | 20 | Therīgāthā Aṭṭhakathā |
| 4 | 95 | 22 | Sukhāvatīvyūha-sūtra vol.2 |
| Chapter 5 | | | |
| 1 | 102 | 1 | Sukhāvatīvyūha-sūtra vol.1 |
| | 105 | 20 | Sukhāvatīvyūha-sūtra vol.2 |
| | 107 | 5 | Amitāyur-dhyāna-sūtra |
| 2 | 110 | 16 | Smaller Sukhāvatīvyūha-sūtra |

THE WAY OF PRACTICE

| | | | |
|---|---|---|---|
| Chapter 1 | | | |
| 1 | 116 | 1 | MN 2, Sabbāsava-sutta |
| | 118 | 1 | MN 3-26, Ariyapariyesana-sutta |
| | 118 | 19 | SN 35-206, Chapāna-sutta |
| | 119 | 12 | Sūtra of Forty-two Sections41-2 |
| | 121 | 23 | MN 2-19, Dvedhāvitakka-sutta |
| | 122 | 12 | Dhammapada Aṭṭhakathā |
| 2 | 123 | 10 | AN 3-117 |
| | 123 | 26 | MN 3-21, Kakacūpama-sutta |
| | 127 | 1 | MN 3-23, Vammīka-sutta |

| Section | Page | Line | Source |
|---|---|---|---|
| | 128 | 21 | Jātaka IV-497, Mātaṅga-Jātaka |
| | 131 | 32 | Sūtra of Forty-two Sections 9 |
| | 132 | 9 | Sūtra of Forty-two Sections 11 |
| | 133 | 7 | Sūtra of Forty-two Sections 13 |
| | 134 | 1 | AN 2-4, Samacitta-sutta |
| 3 | 134 | 22 | Saṃyuktaratnapiṭaka-sūtra |
| | 144 | 20 | Mahāparinirvāṇa-sūtra |
| | 145 | 17 | Saṃyuktaratnapiṭaka-sūtra |
| Chapter 2 | | | |
| 1 | 150 | 1 | MN 7-63, Cūḷamālunkya-suttanta |
| | 152 | 7 | MN 3-29, Mahāsāropama-sutta |
| | 154 | 1 | Mahāmāyā-sūtra |
| | 154 | 17 | Theragāthā Aṭṭhakathā |
| | 156 | 3 | MN 3-28, Mahāhatthipadopama-sutta |
| | 156 | 24 | Mahāparinirvāṇa-sūtra |
| | 157 | 7 | Avadānaśataka-sūtra |
| | 158 | 17 | Mahāparinirvāṇa-sūtra |
| | 160 | 9 | Pañcaviṃśatisāhasrikā-prajñāpāramitā-sūtra |
| | 161 | 18 | Avataṃsaka-sūtra 34, Gaṇḍavyūha |

| *Section* | *Page* | *Line* | *Source* |
|---|---|---|---|
| 2 | 163 | 8 | AN 3-88 |
| | 164 | 3 | AN 3-81 |
| | 164 | 13 | AN 3-82 |
| | 165 | 1 | Parinibbāna-sutta vol.2 |
| | 166 | 1 | MN 14-141, Saccavibhanga-sutta |
| | 167 | 7 | Parinibbāna-sutta vol.2 |
| | 168 | 1 | AN 5-16, Bala-sutta |
| | 168 | 7 | Avataṃsaka-sūtra 6 |
| | 169 | 5 | Mahāparinirvāṇa-sūtra |
| | 170 | 3 | Saṃyuktaratnapiṭaka-sūtra |
| | 170 | 16 | Suvarṇaprabhāsa-sūtra 26 |
| | 171 | 11 | Mahāparinirvāṇa-sūtra |
| | 172 | 13 | Theragāthā Aṭṭhakathā |
| | 173 | 1 | Jātaka 55, Pañcāvudha-Jātaka |
| | 174 | 1 | Itivuttaka 39 & 40 |
| | 174 | 14 | Mahāparinirvāṇa-sūtra |
| | 174 | 18 | Mahāparinirvāṇa-sūtra |
| | 174 | 22 | AN 5-12 |
| | 174 | 32 | Parinibbāna-sutta |
| | 175 | 11 | Śūraṃgama-sūtra |
| 3 | 176 | 17 | SN 55-21 & 22, Mahānāma-sutta |
| | 177 | 6 | AN 5-32, Cundī-sutta |
| | 177 | 17 | Vimalakīrtinirdeśa-sūtra |
| | 178 | 3 | Śūraṃgama-sūtra |
| | 178 | 10 | Sukhāvatīvyūha-sūtra vol.2 |
| | 178 | 21 | SN 1-4-6 |
| | 179 | 1 | Avataṃsaka-sūtra 33 |

| Section | Page | Line | Source |
|---|---|---|---|
| | 179 | 21 | Avataṃsaka-sūtra 24 |
| | 180 | 10 | Suvarṇaprabhāsa-sūtra 4 |
| | 180 | 22 | Amitāyur-dhyāna-sūtra |
| | 180 | 26 | Sukhāvatīvyūha-sūtra |
| | 181 | 4 | Mahāparinirvāṇa-sūtra |
| | 182 | 1 | MN 2-16, Cetokhila-sutta |
| | 182 | 17 | Sukhāvatīvyūha-sūtra vol. 2 |
| 4 | 183 | 12 | Dhammapada |
| | 191 | 11 | SN 1-4-6 |
| | 191 | 28 | AN |
| | 192 | 4 | Mahāparinirvāṇa-sūtra |

THE BROTHERHOOD

Chapter 1

| Section | Page | Line | Source |
|---|---|---|---|
| 1 | 194 | 1 | Itivuttaka 100 & MN 1-3, Dhammadāyāda-sutta |
| | 194 | 9 | Itivuttaka 92 |
| | 195 | 1 | Vinaya, Mahāvagga 1-30 |
| | 195 | 24 | MN 4-39, Mahā-assapura-sutta |
| | 197 | 1 | MN 4-40, Cūḷa-assapura-sutta |
| | 198 | 1 | Saddharmapuṇḍarīka-sūtra 10 |
| | 198 | 8 | Saddharmapuṇḍarīka-sūtra 10 |
| | 199 | 1 | Saddharmapuṇḍarīka-sūtra 14 |
| 2 | 200 | 12 | SN 55-37, Mahānāma-sutta |
| | 201 | 1 | AN 3-75 |
| | 201 | 10 | SN 55-37, Mahānāma-sutta |
| | 201 | 18 | SN 55-54, Gilāyanaṃ-sutta |

| *Section* | *Page* | *Line* | *Source* |
|---|---|---|---|
| | 201 | 30 | Avataṃsaka-sūtra 22 |
| | 203 | 16 | Mahāparinirvāṇa-sūtra |
| | 206 | 1 | Avataṃsaka-sūtra 7 |
| | 209 | 1 | Mahāmāyā-sūtra |
| | 210 | 1 | Avataṃsaka-sūtra 21 |
| | 210 | 23 | Mahāparinirvāṇa-sūtra |
| 3 | 212 | 1 | DN 31, Siṅgālovāda-sutta |
| | 217 | 21 | AN 2-4, Samacitta-sutta |
| | 218 | 1 | AN 3-31 |
| | 218 | 11 | Jātaka 417, Kaccāni-Jātaka |
| | 220 | 1 | DN 31, Siṅgālovāda-sutta |
| | 220 | 14 | Dhammapada Aṭṭhakathā 1 |
| | 221 | 22 | (Burmese Commentaries) |
| | 222 | 9 | Śrīmālādevāsiṃhanāda-sūtra |
| Chapter 2 | | | |
| 1 | 225 | 1 | Mahāparinirvāṇa-sūtra |
| | 226 | 16 | AN 3-118, Soceyyan-sutta |
| | 228 | 12 | SN |
| | 229 | 1 | Vinaya, Mahāvagga 10-1 & 2 |
| | 229 | 7 | DN 16, Mahāparinibbāna-sutta |
| | 230 | 18 | Vinaya, Mahāvagga 10-1 & 2 |
| 2 | 233 | 9 | SN |
| | 234 | 10 | Antarābhava-sūtra |
| | 234 | 16 | Vimalakīrtinirdeśa-sūtra |
| | 236 | 1 | Mahāparinirvāṇa-sūtra |
| | 236 | 21 | Smaller Sukhāvatīvyūha-sūtra |
| | 237 | 1 | Sukhāvatīvyūha-sūtra |
| | 237 | 17 | Vimalakīrtinirdeśa-sūtra |

| *Section* | *Page* | *Line* | *Source* |
|---|---|---|---|
| 3 | 238 | 1 | Dhammapada Aṭṭhakathā 1 |
| | 238 | 11 | AN 34-2 |
| | 239 | 9 | Dhammapada Aṭṭhakathā 1 |
| | 240 | 5 | AN 5-1 |
| | 240 | 9 | Mūla-sarvāstivāda-vinaya Saṅghabheda-vastu 10 |
| | 241 | 1 | MN 9-86, Aṅgulimāla-sutta |
| | 242 | 1 | AN 26 |

# അനുബന്ധം

# ബുദ്ധമതത്തിന്റെ ലഘുചരിത്രം
# -ഭാരതത്തിൽ നിന്ന് ജപ്പാൻ വരെയുള്ള പ്രചരണ ചരിത്രം-

## 1. ഭാരതം

മാനവചരിത്രത്തിൽ ഒരു പുതിയ ആത്മീയ ചൈതന്യത്തിന് ഉദയം കുറിച്ച സംഭവം നടന്നത്, '' ഏഷ്യയുടെ പ്രകാശം'' ഭാരതത്തിന്റെ മദ്ധ്യദേശങ്ങളിൽ ഉദയം കൊണ്ടപ്പോഴാണ്. അതിനെ മറ്റൊരു രീതിയിൽ വർണ്ണിക്കുകയാണെങ്കിൽ കാരുണ്യത്തിന്റെയും പ്രജ്ഞയുടെയും വസന്തം മദ്ധ്യഭാരതത്തിൽ ആരംഭിക്കുകയും അവിടെ നിന്ന് അത് പലദേശങ്ങളിലേയ്ക്കും സംസ്കാരങ്ങളിലേയ്ക്കും പടരുകയും മനുഷ്യമനസ്സിനെ പുഷ്ടിപ്പെടുത്തുകയും ചെയ്തു. ആരംഭകാലം മുതൽ ഇന്നുവരെ ആ വസന്തം ഒരേ ശോഭയോടെ നിലനിൽകുകയും ചെയ്യുന്നു.

തന്റെ രാജകീകമായ പദവികളും സുഖസൗകര്യങ്ങളുമുപേക്ഷിച്ച് 'ഗൗതമ ബുദ്ധൻ', അനുയായികളുടെ ഇടയിൽ ശാക്യമുനി അല്ലെങ്കിൽ ശാക്യവംശത്തിലെ സന്യാസി എന്നീ പേരുകളിലറിയപ്പെട്ടിരുന്ന സിദ്ധാർത്ഥ ഗൗതമൻ, സ്വയം സന്യാസം സ്വീകരിച്ച് തെക്കുദിശയെ ലക്ഷ്യമാക്കി മഗധയെന്ന ദേശത്തെ നോക്കി പുറപ്പെട്ടു. അത് ക്രിസ്തുവിന് മുമ്പ്, ബി.സി. അഞ്ചാം നൂറ്റാണ്ടിലാണെന്ന് കരുതപ്പെടുന്നു. അദ്ദേഹം അവിടെയുള്ള ഒരു ബോധി മരത്തിന്റെ അടിയിലിരുന്ന് ധ്യാനത്തിലൂടെ നിർവ്വാണം സിദ്ധിക്കുകയും, തുടർന്ന് ലോകക്ഷേമത്തിനായുള്ള തന്റെ കഠിന പരിശ്രമം നീണ്ട നാല്പത്തഞ്ചു വർഷങ്ങൾ നിർവ്വഹിച്ചു. അതിനുശേഷം അദ്ദേഹം ദേഹവിയോഗമടഞ്ഞ് മഹാസമാധിയെ പ്രാപിച്ചു. അതിനെ ബുദ്ധന്റെ മഹാ പരിനിർവ്വാണം എന്നപേരിൽ അറിയപ്പെടുന്നു. തന്റെ ജീവിത കാലത്ത് എല്ലാ സമയങ്ങളിലും അദ്ദേഹം കാരുണ്യത്തെപ്പറ്റിയും പ്രജ്ഞയെപ്പറ്റിയും ജ്ഞാനത്തെപ്പറ്റിയും ഉദ്ബോധിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ആ ബോധം ഉൾക്കൊണ്ട ബുദ്ധശിഷ്യന്മാർ ധൈര്യപൂർവ്വം ആ സാരോപദേശങ്ങൾ പ്രചരിപ്പിക്കുന്ന പ്രവർത്തനം ഏറ്റെടുക്കുകയും പലദേശങ്ങളിലും ഗോത്രങ്ങളിലും ബുദ്ധമതവും ദർശനവും പ്രചരിക്കുകയും ചെയ്തു.

അക്കാലത്ത് മൗര്യവംശത്തിലെ മൂന്നാം ഭരണാധികാരിയായ അശോക ചക്രവർത്തി (ക്രി പി 268-232) ബുദ്ധമത പ്രചാരണം ഏറ്റെടുക്കുകയും, ഭാരത ദേശം മുഴുവനായും വിദേശങ്ങളിൽ ഭാഗികമായും ബുദ്ധോപദേശങ്ങളുടെ പ്രചണ പ്രവർത്തനം മഹത്തരമായി നിർവ്വഹിച്ചു.

ക്രിസ്തുവിന് മുമ്പുള്ള നൂറ്റാണ്ടുകളിൽ ഭാരത്തിലെ ശക്തമായ ഒരു സാമ്രാജ്യമായിരുന്നു മൗര്യവംശം. ഈ വശം അതിന്റെ ആദ്യകാലം മുതൽ അതായത് ചക്രവർത്തി ചന്ദ്രഗുപ്തന്റെ (ക്ര). മു.317-292) കാലംമുതൽ ഭാരതത്തിന്റെ വലിയൊരുഭാഗം തങ്ങളുടെ അധീശത്തിൽ വെച്ച് ഭരണം നടത്തിപ്പോന്നിരുന്നു. അത് ഹിമാലയ മലനിരകൾ വടക്കെ അതർത്തിയും, ബംഗാൾ ഉൾക്കടൽ കിഴക്കും, ഹിന്ദുകുഷ് മലനിരകൾ പടിഞ്ഞാറും, വിന്ധ്യാമലനിരകൾ തെക്കുമായി അതിർത്തികളുള്ള ഒരു വലിയ പ്രദേശമായിരുന്നു. അശോക ചക്രവർത്തി തന്റെ സാമ്രാജ്യം കലിംഗ തുടങ്ങിയ ദേശങ്ങളെ .

ഉൾപ്പെടുത്തി വീണ്ടും വിപുലപ്പെടുത്തി. അശോകചക്രവർത്തി അദ്ദേഹത്തിന്റെ നിർദ്ദയമായ പെരുമാറ്റത്തിനും, മുൻകോപത്തിനും, ദേഷ്യത്തിനും കേൾവികേട്ടവനായിരുന്നു. ജനങ്ങൾ അദ്ദേഹത്തെ ചണ്ഡാ-അശോകായെന്ന് (ദേഷ്യക്കാരനായ അശോകൻ) എന്ന് ഇരട്ടപ്പേരിട്ടു വിളിച്ചിരുന്നു. അദ്ദേഹത്തിന്റെ ഈ സ്വഭാവത്തിന് വലിയ ഒരുമാറ്റം കലിംഗയുദ്ധത്തിലുണ്ടായ ദാരുണങ്ങളായ സംഭവങ്ങൾക്കുശേഷം സംഭവിക്കുകയും, തുടർന്ന് അദ്ദേഹം കാരുണ്യത്തിന്റെയും ജ്ഞാനത്തിന്റെയും പ്രജ്ഞയുടെയും മാർഗ്ഗമായ ബുദ്ധമാർഗ്ഗം സ്വീകരിച്ച്, പിൽക്കാല ജീവിതം ബുദ്ധമത പ്രചാരണത്തിനായി പരിശ്രമിച്ചു. ഒരു ബുദ്ധാനുയായി ആയി അദ്ദേഹം ആ വിശ്വാസ പ്രചാരണത്തിനായി പലകാര്യങ്ങളും ചെയ്തു അവയിൽ രണ്ടുകാര്യങ്ങൾ പ്രസ്താവ്യയോഗ്യമാണ്.

ആദ്യമായി അദ്ദേഹം ബുദ്ധോപദേശങ്ങളെ ആധാരമാക്കി പുറപ്പെടുവിച്ച ഭരണ ശാസനങ്ങളും അവയുടെ സാമ്രാജ്യം മുഴുവനുമായുള്ള പ്രചരണവും, തുടർന്ന് അവക്ക് ബുദ്ധമതപ്രചാരണത്തിൽ കിട്ടിയ അതുല്യമായ സ്ഥാനവും; രണ്ടാമതായി, ബുദ്ധമതപ്രചരണത്തിനായി പ്രചാരകരായ സന്യാസ സംഘങ്ങളെ ലോകത്തിന്റെ വിവിധഭാഗങ്ങളിലേക്കയച്ച് നടത്തിയ അതുല്യമായ പ്രേഷിതപ്രവർത്തനവും, പ്രത്യേകം എടുത്തു പറയാവുന്നതാണ്. അക്കാലങ്ങളിൽ അറിയപ്പെട്ടിരുന്ന ദേശങ്ങളായ പേർഷ്യ, സിറിയ, ഈജിപ്ത്, ക്രെയ്നെ, മസിഡോണിയ, എപ്പിറോസ്, തുടങ്ങിയ പടിഞ്ഞാറൻ ദേശങ്ങളിലേക്ക് ബുദ്ധമതപ്രചാരണത്തിനായി പ്രേഷിത സംഘങ്ങളെ അയച്ച് ബുദ്ധമത പ്രചരണപ്രവർത്തനം നടത്തി. അതിലുമുപരിയായി സ്വന്തം പുത്രനെ ബുദ്ധോപദേശ പ്രചാരണത്തിനായി ലങ്കാദ്വീപിലേയ്ക്ക് അയക്കുകയും അതുവഴി ബുദ്ധമതപ്രചാരണം ആ ദ്വീപിൽ വിജയകരമായി തുടങ്ങിവെക്കുകയും ചെയ്തു.

## 2. മഹായാന ബുദ്ധമത ശാഖയുടെ ഉത്ഭവം

എല്ലാവരും 'ബുദ്ധമതത്തിന്റെ കിഴക്കോട്ടുള്ള യാത്ര' യെപ്പറ്റി സംസാരിക്കുമെങ്കിലും ക്രിസ്തുവിനു മുമ്പുള്ള നൂറ്റാണ്ടുകളിൽ അത് ആദ്യമായി പടിഞ്ഞാറേക്കാണ് പ്രചരിച്ചത്. ഏതാണ്ട് ക്രിസ്തുബ്ദത്തിന്റെ ആദ്യ നൂറ്റാണ്ടുകളോടടുപ്പിച്ചാണ് അത് കിഴക്കൻ നാടുകളിലേക്കുള്ള പ്രചരണം ആരംഭിച്ചത്. അതിനു മുമ്പായി ബുദ്ധമതത്തിന് ഭാരതത്തിൽ തന്നെ വലിയ മാറ്റങ്ങൾ സംഭവിച്ചു. അങ്ങനെ ഒരു ശാഖയാണ് 'നൂതന തരംഗം' എന്ന രീതിയിലാരംഭിച്ച മഹായാന ശാഖ, അല്ലെങ്കിൽ ബുദ്ധമതത്തിന്റെ വലിയ വാഹനം എന്ന് വിളിക്കുന്ന പ്രസ്ഥാനം. അത് ബുദ്ധന്റെ ശരിയായ ഉപദേശങ്ങളുടെ അന്തഃസത്ത ഉൾകൊണ്ട ഒരു മഹത്തായ ഒരു പ്രസ്ഥാനമായിരുന്നു.

ആരാണ് ഈ നൂതന പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് എന്ന് ആർക്കും ശരിയായ രീതിയിൽ നിർവ്വചിക്കുവാൻ സാധിക്കുകയില്ല. അതിനെപ്പറ്റി നമുക്ക് ലഭ്യമായ ഉറവിടങ്ങളിൽ തിരയുകയാണെങ്കിൽ 'മഹാ സംഘിക' യെന്ന നൂതന പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളായ ഗുരുക്കന്മാരുടെ പ്രവർത്തന ങ്ങളിൽ നിന്നാണ് അത് ഉരുവായതെന്ന് മനസ്സിലാക്കുവാൻ സാധിക്കും. രണ്ടമത്തെ ഉറവിടമായി കണക്കാക്കാവുന്നത് ക്രിസ്തബ്ദത്തിന്റെ ആദ്യകാലങ്ങളിൽ ചില ഗ്രന്ഥങ്ങളെ മഹായാന സൂത്രങ്ങളായി അറിയപ്പെടുന്നു. അതിനുശേഷം മാഹാനായ ബുദ്ധദാർശിനികനായും തത്വചിന്തനായും അറിപ്പെടുന്ന നാഗാർജ്ജുനയുടെ ഈമഹായാന സൂത്രങ്ങളെ ആസ്പദമാക്കിയുള്ള പ്രബന്ധങ്ങളും, ശാസ്ത്രീയ അപഗ്രഥനങ്ങളും ഒരു മഹത്തായ തത്വചിന്തയിലധിഷ്ഠിതമായ ഒരു മഹാപ്രസ്ഥാനത്തിനും, ശ്രീ ബുദ്ധന്റെ ശരിയായ ശസനങ്ങളെ തത്വചിന്താപരമായി വിശകലനം ചെയ്യുന്ന ഒരു ശാഖയായി മഹായാന ബുദ്ധമതം രൂപം കൊള്ളുകയും ചെയ്തു.

മഹായാനപ്രസ്ഥാനം ബുദ്ധമതത്തിനും അതിന്റെ നീണ്ട ചരിത്രത്തിനുമായി ചെയ്ത സേവനങ്ങൾ അവർണ്ണനീയമാണ്. ഉദാഹരണമായി ചൈന, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ പ്രചരിച്ചിരിക്കുന്ന മിക്കവാറും എല്ലാ ബുദ്ധമത ശാഖകളും മാഹായാന പ്രസ്ഥാനത്തെ ആധാരപ്പെടുത്തിയുള്ളവയാണ്. ഇത് ഒരു അസാധാരണ കാര്യമായി കണക്കാക്കേണ്ടതില്ല, ഈ നാടുകളിൽ ജന സമുച്ചയങ്ങളുടെ മോചനത്തിനും, അതിനായി ജീവൻ മുക്തരായ സന്യാസികളെ, ബോധിസത്തന്മാരെ, ആധാരപ്പെടുത്തിയുള്ള വിശ്വാസപ്രമാണങ്ങൾ നിലനിന്നിരുന്നു. ആ വിശ്വാസങ്ങളെ ചുവടു പിടിച്ച് മഹായാന പ്രസ്ഥാനം അവതരിപ്പിച്ച തത്വചിന്താപരവും മനഃശാസ്ത്രപരവുമായ കാര്യങ്ങൾ അത്തരം വിശ്വാസങ്ങളുമായി സങ്കലനം നടത്തിയപ്പോഴുണ്ടായ അവർണ്ണനീയമായ തിളക്കവും ഉണർവും ഈ നാടുകളിൽ ബുദ്ധമതം പ്രചരിക്കുവാൻ സഹായകമായി അതുല്യരായ ചിന്തകന്മാരുടെയും തത്വജ്ഞാനികളുടെയും പ്രവർത്തന ഫലമായി ഗൗതമ ബുദ്ധനാൽ ഉണ്ടാക്കപ്പെട്ട അതുല്യമായ ചിന്താധാര വീണ്ടും സ്വയം ശക്തിയാർജ്ജിച്ച് മനുഷ്യ ഹൃദയങ്ങളിൽ ഒരു ദീപനാളം പോലെ നൂറ്റാണ്ടുകളായി കത്തിജ്വലിച്ചുകൊണ്ടിരിക്കുന്നു. ശ്രീബുദ്ധനാൽ ധ്യാനത്തിലൂടെ വെളിവാക്കപ്പെട്ട കാരുണ്യത്തിന്റെയും, ജ്ഞാനത്തിന്റെയും പ്രജ്ഞയുടെയും വഴി ഒരു നിരന്തരപ്രവാഹമായി ഉല്ലസിച്ചൊഴുകിക്കൊണ്ടിരിക്കുന്നു. ബുദ്ധമതത്തിന്റെ ശക്തി അതിന്റെ അതുല്യമായ ദാർശ്ശിക അടിത്തറയാണ്.

## 3. മദ്ധ്യേഷ്യ

ചൈന ബുദ്ധമതത്തെപ്പറ്റി ആദ്യമായി കേൾക്കുന്നത് മദ്ധ്യേഷ്യയിൽ നിന്നുമാണ്. അതിനാൽ, ബുദ്ധമതത്തിന്റെ ഭാരതത്തിൽ നിന്ന് ചൈനയിലേക്കുള്ള പ്രചാരത്തെപ്പറ്റി സംസാരിക്കുന്നതിനുമുമ്പായി 'സിൽക്കിന്റെ രാജവീഥി'യെപ്പറ്റി സംസാരിക്കണം. ഈ വീഥി പ്രാചീനകാലങ്ങളിൽ കിഴക്കിനെയും പടിഞ്ഞറിനെയും തമ്മിൽ ബന്ധിപ്പിച്ചിരുന്ന വ്യാപാര ശൃംഖലയിലെ ഏറ്റവും പ്രധാന വഴിയായിരുന്നു. ക്രിസ്തുവിന് മുമ്പ് 140-87-ൽ 'ഹാൻ' വംശത്തിലെ ചക്രവർത്തിയായിരുന്ന 'വൂ' ചക്രവർത്തിയാണ് ഈ വീഥി തുറന്നുവെച്ചത്. അക്കാലത്ത് 'ഹാൻ' വംശം വളരെ പടിഞ്ഞാറെക്ക് വളർന്നിരുന്നു. അത് ഫെർഗാന, സൊഗദിയാന, തുഖാരാ തുടങ്ങി പർഥിയ വരെ നീണ്ടുകിടന്നിരുന്നു. ഈ നാടുകളിൽ അലക്സാണ്ടറുടെ കാലം മുതൽ ഒരു വ്യാപാര വ്യവസായ പാരമ്പര്യം നിലനിന്നു പോന്നിരുന്നു. ഈ രാജ്യങ്ങളിലൂടെ നടത്തിവന്നിരുന്ന വ്യാപാരത്തിൽ സിൽക് ഒരു വലിയ പങ്ക് വഹിച്ചിരുന്നു. അതിനാൽ അതിനെ സിൽകിന്റെ രാജവീഥിയെന്ന് അറിയപ്പെടുന്നു. ക്രിസ്ത്വാബ്ദത്തിന്റെ ആദ്യകാലങ്ങളിൽ ഭാരതവും ചൈനയും ഈ വ്യാപാരശൃംഖലയുടെ സൗകര്യം ഉപയോഗപ്പെടുത്തുകയും വ്യാപരത്തിൽ ഏർപ്പെടുത്തുകയും ചെയ്തു. വ്യാപരത്തോടൊപ്പം ഈ വീഥിയിലൂടെ ബുദ്ധമതവും സംസ്കാരവും ചൈനയിലേക്ക് കുടിയേറി.

## 4. ചൈന

ചൈനയിൽ ബുദ്ധമത ചരിത്രം ആരംഭിക്കുന്നത് ബുദ്ധമതഗ്രന്ഥങ്ങൾ ചീനഭാഷയിലേക്ക് തർജ്ജിമ ചെയ്തതിനെ തുടർന്ന് ചീന സംസ്കാരം അവയെ അംഗീകരിക്കുവാൻ തുടങ്ങിയതിനോടും കൂടിയാണ്. ആദ്യമായി വിവർത്തനം ചെയ്യപ്പെട്ട ഗ്രന്ഥം 'ബുദ്ധനുപദേശിച്ച നാല്പത്തിരണ്ട് സൂത്രങ്ങൾ എന്ന ഗ്രന്ഥമാണ്, ഈ മൊഴി പരിവർത്തനം നടത്തിയത്, ക്രിസ്ത്വാബ്ദം 58-78 കാലങ്ങളിൽ 'യിങ് പായിങ്' എന്നകാലത്ത്, മിങ് രാജാവിന്റെ ഭരണസമയത്ത്, കശ്യപമർത്താംഗ എന്ന ഗുരുവും മറ്റുള്ളവരും ചേർന്നാണ്. 'മിങ്' രാജാവ് കിഴക്കൻ 'ഹാൻ' വംശത്തിൽപെട്ടരാജാവയിരുന്നു, പണ്ഡിതാഭിപ്രായത്തിൽ ഈ കഥ സംശയാതിതമായി അത്രസ്ഥിതീകരിക്കപ്പെടാവുന്നതല്ല. സ്ഥിതീകരിക്കപ്പെടാവുന്നതായി ഇപ്പോൾ പറയപ്പെടുന്നത് 'അൻ-ഷിൻ-കൊ' ക്രി.വ.148-171 കാലങ്ങളിൽ 'ലൊ-യങ്' എന്ന സ്ഥലത്ത് നടത്തിയെന്നാണ്. അതിനുശേഷം കാലാകാലങ്ങളിലായി ഉത്തര 'സുങ്' വംശം, ക്രി. 960-1129 വിവിധ ഗ്രന്ഥങ്ങൾ വിവർത്തനം നടത്തുകയും ചെയ്തു. വിവർത്തന ചരിത്രം ഏതാണ്ട് ആയിരം വർഷങ്ങൾ നീണ്ടുനിൽക്കുന്നതാണ്.

ആദ്യകാലങ്ങളിൽ വിശുദ്ധ ഗ്രന്ഥങ്ങൾ അവതരിപ്പിക്കുകയും പരിഭാഷപ്പെടുത്തുകയും ചെയ്തിരുന്നത് അധികവും മദ്ധ്യേഷ്യയിൽ നിന്നുള്ള പുരോഹിതന്മാരും ആചാര്യന്മാരുമായിരുന്നു. ഉദാഹരണമായി മുമ്പ് വിവരിച്ച അൻ-ഷിൻ-കൊ പാർത്തിയ എന്ന ദേശത്തിൽ നിന്ന് വന്ന ആളായിരുന്നു; അതുപോലെ ക്-അഗേൻ-ക് അയ്, എന്ന ആചാര്യൻ സമർഘണ്ഡ് എന്നദേശത്തിൽ നിന്ന് ലൊ-യാങ് എന്നയിടത്തിലേക്ക് മൂന്നാം നൂറ്റാണ്ടിൽ വരുകയും 'സുഖാവതീയൂഹ' (അനന്തമായ ജീവിതത്തെക്കുറിച്ചുള്ള പുസ്തകം) എന്ന പുസ്തകം പരിവർത്തനം നടത്തുകയും ചെയ്തു. മാത്രമല്ല, സധർമ്മപുണ്ഡരികയുടെ പരിഭാഷകനായി അറിയപ്പെടുന്ന ചു-ഫാ-ഹു അല്ലെങ്കിൽ ധർമ്മരക്ഷ തുഖാരാ എന്ന ദേശത്തുനിന്ന് വരുകയും ലൊ-യാങ് യിൽ മൂന്നാം നൂറ്റാണ്ടിന്റെ അവസാന ഭാഗവും നാലാം നൂറ്റാണ്ടിന്റെ ആദ്യഭാഗവും അവിടെ ചിലവഴിച്ചു. കച്ച് പ്രദേശത്തുനിന്ന് വന്ന കുമാരജീവ, അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് ചൈനയിൽ എത്തിച്ചേരുമ്പോൾ വിവർത്തന പദ്ധതി ചൈനയിൽ വളരെ നല്ലരീതിയിൽ വളർച്ചപ്രാപിച്ചിരുന്നു.

ഇക്കാലത്തൊടനുബന്ധിച്ച് ധാരളം ആചാര്യന്മാർ ഭാരതം സന്ദർശ്ശിക്കുകയും സംസ്കൃതഭാഷ പഠിക്കുകയും ചെയ്തു. അതിൽ പ്രധാനി 'ഫാ-ഹസി-അൻ' ക്രിസ്താബ്ദം 339-420 വരെ. അദ്ദേഹം 'ച്-അങ്-അൻ' എന്നയിടത്തിൽ നിന്ന് 399 ൽ ഭാരതത്തിലേക്ക് വരുകയും പതിനഞ്ച് വർഷത്തിനുശേഷം തിരിച്ചുപോകുകയും ചെയ്തു. അതുപോലെ പ്രധാനികളായ ആചാര്യന്മാർ, 'സുഅങ്-ചുഅങ്' (ക്രി. വ 602-664), അദ്ദേഹം 627-ൽ ഭാരതത്തിലേക്ക് വരുകയും 645-ൽ തിരിച്ചുപോകുകയും ചെയ്തു. പിന്നീട്, 'അയ്-ചിങ്' (ക്രി.വ. 635-713) ഭാരതത്തിലേക്ക് കടൽ മാർഗ്ഗം വരുകയും അതേവഴിയിൽ നാട്ടിലേക്ക് തിരിച്ചുപോകുകയും ചെയ്തു.

ഈ ആചാര്യന്മാർ സ്വയം ഭാരതത്തിലേക്കു വരുകയും സംസ്കൃതം പഠിക്കുകയും തിരഞ്ഞെടുത്ത പരിശുദ്ധഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുകയും ചെയ്തു. അവരുടെ നിസ്വാർത്ഥ പരിശ്രമങ്ങൾ ബൗദ്ധ തത്വശാസ്ത്രത്തെ സംബന്ധിക്കുന്നതും മതസംബന്ധിയായതുമായ ധാരാളം ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുവാൻ സഹായിച്ചു. അതിൽ ഭാഷാ ശാസ്ത്രത്തിൽ 'സുഅങ്-ചുഅങ്' കാണിച്ച കഴിവ് പ്രശംസനീയമാണ്, അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ചീനഭാഷയിലേക്കുള്ള പരിഭാഷ അതിന്റെ ഉച്ചഘട്ടത്തിലായിരുന്നു. കുമാര ജീവയുടെയും മറ്റും കാലഘട്ടത്തിൽ നടത്തി പോന്നിരുന്ന പരിഭാഷയെ പഴയ പരിഭാഷയെന്ന് അറിയപ്പെടുന്നു. എന്നാൽ 'സുഅങ്-ചുഅങ്' -ന്റെ കാലത്തു നടത്തിവന്ന പരിഭാഷ പുതിയ പരിഭാഷയെന്നും അറിയപ്പെടുന്നുവെന്ന് പില്ക്കാലത്ത് ബുദ്ധ സംസ്കാരത്തെപ്പറ്റി പഠനം നടത്തിയ ചരിത്രകാരന്മാർ വിശദീകരിക്കുന്നു.

വളരെയധികം വിശുദ്ധഗ്രന്ഥങ്ങൾ സംസ്കൃത ഭാഷയിൽ നിന്നും പരിഭാഷപ്പെടുത്തുകവഴി ഈ ആചാര്യന്മാരുടെ മനസ്സിൽ ഒരു തരം വിഭാഗീയചിന്ത ഉണ്ടാകുകയും. അത് ചില സമയങ്ങളിൽ വർഗ്ഗീയ വൽക്കരിക്കപ്പെട്ട ഒരു വീക്ഷണമായി മാറുകയും ചെയ്തു. അവരുടെ പഠന വിഷയം ചില സമയങ്ങളിൽ ബുദ്ധതത്വ ശാസ്ത്രത്തിലെ ചില വിഷയങ്ങളിൽ മാത്രമായി കേന്ദ്രീകരിക്കുകയും ചെയ്തു. ഉദാഹരണത്തിന് ' അടിസ്ഥന നിർവ്വചനമില്ലായ്മ' എന്ന തത്വവും അതിനാധാരമായ പ്രജ്ഞയുടെ പ്രാധാന്യവും അധിക വിശകലനത്തിന് വിധേയമാകുകയും ചെയ്തു. അതിനുശേഷം ചൈനയിൽ 'ഹീനയാന' അല്ലെങ്കിൽ ആദികാല ബുദ്ധോപദേശങ്ങളുടെ പഠനത്തിനും മറ്റും പ്രാധാന്യം കുറഞ്ഞുവന്നു. ചീന ആചാര്യന്മാരുടെ പ്രധാന നിരീക്ഷണവും പഠനവും 'മഹായാന്' സംസ്കാരത്തെ ആധാരമാക്കിമാത്രം നിലകൊണ്ടു. ഈ പ്രവണത 'തെണ്ഡായി' എന്ന സന്യാസി വിഭാഗത്തിലും, സെൻ എന്ന വിഭാഗത്തിലും വളരെ പ്രത്യക്ഷമായി കാണുവാൻ സാധിക്കും.

ആറാം നൂറ്റാണ്ടിന്റെ അവസാന ഭാഗത്തിലാണ് 'തെണ്ഡായി' എന്ന വിഭാഗം ആരംഭിച്ചത്, അതിന്റെ ശാസ്ത്രീയാടിസ്ഥാനം 'തെണ്ഡായി ദൈഷി, ചിഹീ' (ക്രി.വ 538-597) എന്ന മൂന്നാം പ്രധാന പുരോഹിതന്റെ സംഭാവനയാണ്. അദ്ദേഹം ബുദ്ധതത്വശാസ്ത്രത്തിൽ തിളങ്ങിയ ഒരു മഹദ്വ്യക്തിത്വമായി കണക്കാക്കപ്പെടുന്നു. അദ്ദേഹത്തിന്റെ വിമ്മർശ്ശനാസ്പദമായ അഞ്ചുകാലത്തെയും എട്ടു തത്വങ്ങളെയും ആധാരമാക്കി നടത്തിയിട്ടുള്ള ബുദ്ധതത്വ ശാസ്ത്ര പഠനങ്ങൾ ഒരു അമൂല്യ സംഭാവനയായി കണക്കാക്കപ്പെടുന്നു. അത് ചൈനയിലെ മാത്രമല്ല, ജപ്പാനിലെയും ബുദ്ധമത ചിന്തയെയും തത്വശാസ്ത്രത്തെയും വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ചൈനയിൽ നടത്തിയിട്ടുള്ള പരിഭാഷയുടെ ചരിത്രം വിശകലനം ചെയ്തു നോക്കുകയാണെങ്കിൽ, വിവിധ ഗ്രന്ഥങ്ങളും മറ്റും അവയുടെ കാലത്തിനെ ആധാരപ്പെടുത്തിയല്ല കൊണ്ടുവന്നിട്ടുള്ളത്. അവ ഭാരതത്തിൽ എഴുതപ്പെട്ടപ്പോലുള്ള ചരിത്രമല്ല അവ വിവർത്തനം ചെയ്തപ്പോൾ വിവരിക്കപ്പെടുന്നത്. ഇത്രയധികം ആഴവും പരപ്പുമുള്ള ഒരു ഗ്രന്ഥശൃംഖല, അവയുടെ ചരിത്രപരമായ ഉത്ഭവത്തെ ആധാരപ്പെടുത്തി തരം തിരിക്കുകയെന്നത് തികച്ചും ശ്രമകരമായ ഒരു കാര്യമാണ്. ഈ അവസരത്തിൽ ബുദ്ധദർശനത്തിന്റെയും ചിന്തയുടെയും മറ്റും പാത പിൻതുടരുവാൻ ആഗ്രഹിക്കുന്ന ഒരുവൻ, അവന്റെ ധാരണാ ശക്തിക്കനുസരിച്ച് അത്തരം ഗ്രന്ഥങ്ങളെ പഠിക്കുകയും വിലയിരുത്തുകയും ചെയ്യണം. ചീന സമ്പ്രദായത്തിൽ ബുദ്ധമതത്തിന്റെ പ്രചാരത്തെപ്പറ്റി മനസ്സിലാക്കുവാൻ ശ്രമിക്കുമ്പോൾ ചീനരുടെ ചിന്താപദ്ധതിയെക്കുറിച്ച് അറിയുന്നത് നന്നായിരിക്കും. അവരുടെ ചിന്തയിൽ '-ചീ-ഈ-' അല്ലെങ്കിൽ ജീവൻ എന്നത് ഒരു പ്രധാന ഘടകമാണ്. എന്നാൽ ആധുനിക കാലത്തെ ബുദ്ധദർശനത്തെപ്പറ്റിയുള്ള പഠനങ്ങൾ അത്തരം പ്രവണതകളെയും മറികടന്നു നിൽക്കുന്നതായി കാണുന്നു.

ചൈനയിലെ ബുദ്ധചരിത്രത്തിൽ 'അവസനമായി വന്ന വിഭാഗം' സെൻ എന്ന വിഭാഗമാണ്. അതിന്റെ ഉപജ്ഞാതാവ് ബോധിധർമ്മ (ക്രി.വ 523), ഒരു വിദേശിയായിരുന്നു. അദ്ദേഹത്തിന്റെ യഥാർത്ഥ ചരിത്രം ഇപ്പോഴും സ്ഥിതീകരിക്കപ്പെടാത്ത ഒരു കാര്യമായി നിലകൊള്ളുന്നു. എന്നാലും ഈ ചീന ബുദ്ധമതത്തിലെ ആറാം പ്രധാന പുരോഗിതനാൽ ആരംഭിച്ച വിഭാഗത്തിന്റെ സ്വാധീനം ചൈനയിൽ കാണാൻ തുടങ്ങിയത് 'ഹു-ഈ-നേങ്' (ക്രി.വ. 638-713) കാലത്തിനപ്പുറമാണ്. എട്ടാം നൂറ്റാണ്ടു മുതൽ ചൈനയിൽ നിന്ന് വിവിധ ദേശങ്ങളിലേക്ക് വിവിധ ആചാര്യന്മാരെ അയക്കുകയും സെൻ വിഭാഗം നാനാ ദേശങ്ങളിലും പ്രചാരം സിദ്ധിക്കുകയും ചെയ്തു.

ചീനയിലെ ബുദ്ധമതത്തെപ്പറ്റി സംക്ഷിപ്തമായി വിവരിക്കുകയാണെങ്കിൽ ഒരു കാര്യം വ്യക്തമാകും. ചൈനയിലെ ബുദ്ധമതം ചീനരുടെ ചിന്താപദ്ധതികളുമായി താദാത്മ്യം പ്രാപിച്ച ഒരു ദർശ്ശമാണ്. എന്നാൽ അത് അടിസ്ഥാനപരമായി ഗൗതമബുദ്ധന്റെ ചിന്തയെയും ദർശനത്തെയും ഉപദേശങ്ങളെയും സ്വാംശീകരിച്ച ഒരു രീതി മാത്രമാണ്. അത് ബുദ്ധമത പ്രസ്ഥാനമാകുന്ന മഹാനദിയിലേക്കൊഴുകിചേരുന്ന ഒരു പ്രധാന കൈവഴിയായി നിലകൊള്ളുന്നു.

## 5. ജപ്പാൻ

ബുദ്ധമതത്തിന്റെ ജപ്പാനിലുള്ള ചരിത്രം ആരംഭിക്കുന്നത് ആറാം നൂറ്റാണ്ടിലാണ്. ക്രിസ്ത്വാബ്ദം 538-ൽ 'പൈകെചെ' (കുണ്ടറ, കൊറിയ) യിലുള്ള രാജാവ്, ഒരു ദൂതനെ ബുദ്ധന്റെ രൂപവും ഒരു ചുരുൾ വിശുദ്ധ ഗ്രന്ഥങ്ങളും 'കിൻ-മേനി' മഹാരാജാവിന്റെ സദസ്സിലേക്ക് അയച്ചു. ഇതാണ് ബുദ്ധമതത്തെ ആദ്യമായി ജപ്പാനിൽ അവതരിപ്പിക്കുവാൻ നാന്ദിയായി തീർന്ന സംഭവം. ബുദ്ധമതത്തിന്റെ ജപ്പാനിലെ ചരിത്രത്തിന് 1400 വർഷത്തിനു മേൽ പഴക്കമുണ്ട്.

ഈ നീണ്ട ചരിത്രത്തെ മൂന്നുകാലങ്ങളായി തരംതിരിച്ചു നിർവ്വചിക്കാം. ആദ്യമായി, ഏഴും എട്ടും നൂറ്റാണ്ടുകളിലെ ചരിത്രം. അതിനെ നമുക്ക് 'ഹൊറ്യൂജി' (607), 'തോഡായ്ജി' (752) എന്നീ അമ്പലങ്ങളിൽ കാണാം. അത് ഇക്കാലത്ത് നിർമ്മിച്ചവയാണ്. ഏറ്റവും പ്രധാനമായ കാര്യം ഇക്കാലങ്ങളിൽ ഏഷ്യൻ സംസ്കരവും ചരിത്രവും പാശ്ചാത്യ സംസ്കരത്തെക്കാളും ചരിത്രത്തെക്കാളും വളരെ മുന്നിലായിരുന്നു എന്ന വസ്തുതയാണ്. പാശ്ചാത്യ സംസ്കാരം ഇരുണ്ട കാലഘട്ടത്തിൽ കൂടി കടന്നുവന്നിരുന്നുകൊണ്ടിരുന്നപ്പോൾ, ഏഷ്യ വളരെ ഉന്നതമായ ഒരു ജീവിത ശൈലിയും ചിന്താപദ്ധതിയും വിശ്വാസ പ്രമാണങ്ങളും ഉൾക്കോണ്ടുകൊണ്ട് മുന്നേറിക്കൊണ്ടിരിക്കുകയായിരുന്നു. ഭാരതത്തിലും ചൈനയിലും മദ്ധ്യേഷ്യയിലും, തെക്കൻ സുദ്രരാജ്യങ്ങളിലും വലിയ തോതിൽ ആത്മീയവും, ബൗദ്ധീകവും, മതപരവുമായ പുരോഗതിയുടെ തരംഗം

അലയടിച്ചുകൊണ്ടിരുന്നു. അതിൽ ബുദ്ധചിന്തയും തത്വശാസ്ത്രവും സാരമായ പങ്കുവഹിച്ചിരുന്നു. ബുദ്ധചിന്തയിലധിഷ്ഠിതമായ മനവീകത ഏഷ്യയിലെ ഇതര നാടുകളിൽ വളരെപ്പെട്ടെന്ന് ചുവടു പിടിച്ചു. അതിന്റെ പ്രതിഫലനമാണ് 'ഹൊറ്യൂജി' (607), 'തോഡായ്ജി' (752) എന്നീ സുന്ദരങ്ങളായ അമ്പലങ്ങളിൽ കാണുന്ന സവിശേഷങ്ങളായ കൊത്തുപണികളും ശില്പങ്ങളും മറ്റും. ഈ അമ്പലങ്ങൾ മറ്റൊരുവിധത്തിൽ പറയുകയാണെങ്കിൽ ഭാരതത്തിൽ നിന്നാരംഭിച്ച ആ നൂതനതരംഗത്തിന്റെ ഏഷ്യയുടെ ഏറ്റവും കിഴക്കുദേശത്തിലുണ്ടായ പൊലിമയാണ്. ബുദ്ധമതവും സംസ്കാരവും അക്കാലങ്ങളിൽ ഏഷ്യയെ ഒന്നിപ്പിച്ചു നിർത്തിയ ഏറ്റവും പ്രധാന കണ്ണിയായിരുന്നു.

ഇന്നാട്ടിലെ ജനങ്ങൾ ഒരു പരിധിവരെ പ്രത്യേകിച്ച് ഒരു ഉറച്ച സംസ്കാരത്തിന്റെ പിൻബലമില്ലാതെ ജീവിച്ചുവന്നവരായിരുന്നു. എന്നാൽ ബുദ്ധമതത്തിന്റെ വരവിനോടനുബന്ധിച്ച് ഈ നാട് മറ്റ് ഏഷ്യൻ നാടുകൾക്കൊപ്പം ഒരു വലിയ സംസ്കാരത്തിന്റെ ശൃംഖലയിൽ വന്നുചേർന്നു. അതാണ് ഇക്കാലത്ത് ജപ്പാനിൽ നടന്ന ഏറ്റവും പ്രധാന ചരിത്ര സംഭവം. ഇങ്ങനെയൊരു സംസ്കാരിക വിപ്ലവത്തിന് അടിസ്ഥാനകാരണമായി ജപ്പാനിൽ നിലകൊണ്ടത് ബുദ്ധമതമായിരുന്നു. ബുദ്ധമത സ്ഥാപനങ്ങൾ ജനങ്ങൾ ഒത്തുകൂടുന്ന കേന്ദ്രങ്ങളായും കലാസാംസ്കരിക നിലയങ്ങളാകുകയും, പുരോഹിതന്മാർ അദ്ധ്യാപകരായും ഉപദേശികളായും പുതിയ സംസ്കാരത്തിന്റെ പ്രചാരകരായി മാറുകയും ചെയ്തു. അവർ മതനേതാക്കന്മാരെക്കാളുപരിയായി സാംസ്കാരിക നായകന്മാരായി നിലകൊണ്ടു. ഇതായിരുന്നു ബുദ്ധമതത്തിന്റെ സംസ്കാരത്തിന്റെയും ആദ്യകാലത്തെ അംഗീകാരവും പ്രചാരവും.

ഒൻപതാം നൂറ്റാണ്ടിൽ രണ്ട് പ്രധാന പുരോഹിതന്മാർ ബുദ്ധമത പ്രചാരത്തിൽ ശ്രദ്ധേയമായ പങ്കുവഹിച്ചു. 'സയിച്ചൊയും' (ദെങ്കിയൊ ദയിച്ചി, ക്രി. വ. 767-822) 'കുക്കായിയും' (കോബോ ദയിച്ചി, ക്രി. വ. 774-835) പ്രസ്താവ്യയോഗ്യമായ രീതിയിൽ രണ്ട് ബുദ്ധമതസ്ഥാപനങ്ങൾ തുടങ്ങി അവയെ ഹെയാൻ ബുദ്ധമത പ്രസ്ഥാനം എന്ന പേരിൽ അറിയപ്പെടുന്നു. ഈ സ്ഥാപനങ്ങൾ യഥാർത്ഥത്തിൽ ജപ്പാനിലെ സംസ്കാരത്തിനും ജീവിത ശൈലിയെയും ആധാരപ്പെടുത്തി ആരംഭിച്ച സ്ഥാപനങ്ങളായിരുന്നു. അവർ ബൗദ്ധദർശനത്തിന്റെ അടിസ്ഥാന തത്വങ്ങളെയും പരിശീലന മാർഗ്ഗങ്ങളെയും ആധാരപ്പെടുത്തിയാണ് തങ്ങളുടെ ഈ ഉദ്യമങ്ങൾ നടത്തിയത്. അവർ രണ്ട് പഠന കേന്ദ്രങ്ങളും ഭിക്ഷു വിഹാരങ്ങളും 'ഹെയി' മലനിരകളിലും, 'കോയ' മലനിരകളിലും ആരംഭിച്ചു. ഏതാണ്ട മുന്നൂറുവർഷക്കാലത്തോളം ഈ രണ്ടു വിഭാഗങ്ങൾ, തെണ്ടായിയും, ഷിൻങ്കോൺ-ഉം ജപ്പാനിലെ ബുദ്ധമത സ്ഥാപനങ്ങളിൽ മുഖ്യമായ സ്ഥാനം നേടി. അതിനൊരു മാറ്റം വന്നത് കാമക്കുറാ കാലത്താണ്.

രണ്ടാം കാലഘട്ടമായി അറിയപ്പെടുന്നത് ബുദ്ധമതത്തിന്റെ പന്ത്രണ്ടും പതിമൂന്നും നൂറ്റാണ്ടിലുള്ള വളർച്ചയാണ്. ഇക്കാലത്താണ് ആചാര്യന്മാരായ, ഹോനെൻ, (ക്രി. വ.1133-1212), ഷിൻറാൻ (ക്രി. വ. 1173-1262), ദോജെൻ (ക്രി. വ.1200-1253), നിചിറെൻ (ക്രി. വ.1222-1282) തുടങ്ങിയവർ തങ്ങളുടെ സേവനം ബുദ്ധമത പ്രചാരണത്തിനായി നല്കിയത്. ബുദ്ധമതത്തിന്റെയും ദർശനത്തിന്റെയും ജപ്പാനിലെ പ്രചാരവും മതിപ്പും കണക്കിലെടുക്കുകയാണെങ്കിൽ ഈ പുരോഹിതന്മാരുടെ സേവനം ഒരിക്കലും സ്മരിക്കാതിരിക്കുവാൻ സാധിക്കുകയില്ല. എന്നാൽ ഒരു ചോദ്യം അവശേഷിക്കുന്നു. എന്തുകൊണ്ടാണ് ഈ ആചാര്യന്മാരെ ഈ കുറഞ്ഞ കാലയളവിൽ അംഗീകരിക്കപ്പെടുകയും അവരുടെ സേവനങ്ങളെ മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്യുന്നത്. അതിനുള്ള കാരണമായി കണക്കാക്കപ്പെടുന്നത്, അക്കാലത്ത് ഈ ആചാര്യന്മാരെല്ലാം ഒരു പ്രധാന പ്രശ്നം അഭിമുഖീകരിച്ചിരുന്നു. അത് ജപ്പാനിലെ ബുദ്ധമതമെന്നത് ജപ്പാൻ രീതിയുമായി ബന്ധപ്പെട്ട ഒരു പ്രസ്ഥാനമായാണ് അനുഭവപ്പെട്ടത്.

അതിനോടനുബന്ധമായി ഒരു ചോദ്യം ചോദിക്കാം. ബുദ്ധമതവും ദർശനവും നൂറ്റാണ്ടുകൾക്ക് മുമ്പ് ഈ നാട്ടിൽ പ്രചരിച്ചിരുന്നു. ജനങ്ങളും ഭരണകൂടങ്ങളും അതിനോട് താദാത്മ്യം പ്രാപിക്കുകയും ചെയ്തിരുന്നു. എന്നിട്ടും എന്തിനാണ് ഒരു രണ്ടാം കാലഘട്ടം ബുദ്ധമതത്തിനായി ജപ്പാനിൽ ഉണ്ടായതെന്ന്. അതിനുത്തരം ഇങ്ങനെ വിവരിക്കാം, ആദ്യകാലത്ത് ജപ്പാനിൽ ബുദ്ധമതം പ്രചരിച്ചിരുന്നെങ്കിലും സാധാരണ ജനങ്ങൾക്ക് അതിന്റെ ദാർശനീയ വശങ്ങളും മറ്റും മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും സാധിച്ചിട്ടില്ല. എന്നാൽ ഈ ആചാര്യന്മാരുടെ അറിവിന്റെ അപാരതയും കർമ്മനിരതയും പരിശ്രമവും ആ കുറവ് വലിയ ഒരളവിൽ പരിഹരിക്കുകയും ബുദ്ധതത്വചിന്തയും ദർശനവും ജപ്പാനിലെ ബുദ്ധിജീവികളുടെയിടയിലും രാജസദസ്സുകളിലും ഒരു സ്ഥിരം ചർച്ചാവിഷയമായി മാറുകയും ചെയ്തു.

ഈ കാലഘട്ടത്തിനു ശേഷം ജപ്പാനിലെ ബുദ്ധമതത്തിന്റെയും ദർശനത്തിന്റെയും പുരോഗതി ആ ആചാര്യന്മാർ വിവക്ഷിച്ചപോലെ ഒരു പുതിയ ഉണർവ്വോടും സഹിഷ്ണുതയോടും, മാനവികമൂല്യങ്ങളേ ആധാരപ്പെടുത്തിയും ആരംഭിക്കുകയും, അത് വർത്തമാനകാലത്തിലും ഭംഗമില്ലാതെ തുടരുന്നു. അതുപോലെയൊരു സുവർണ്ണകാലം ജപ്പാനിലെ ബുദ്ധമത ചരിത്രത്തിൽ ഉണ്ടായിട്ടില്ല. എന്നാൽ ഒരു അന്വേഷണ രീതിയിൽ കാര്യങ്ങൾ വിലയിരുത്തുന്ന ഒരു ഗവേഷകന് ഒരു കാര്യം വ്യക്തമായികാണാം, അത് ജപ്പാനിൽ മറ്റു രാജ്യങ്ങളിലെന്നപോലെ പുതിയ ഗവേഷണ പദ്ധതികളും മറ്റും വളരെ പ്രസക്തമായ രീതിയിൽ മുമ്പോട്ട് വരുകയും ബുദ്ധ തത്വചിന്തയുടെയും ദർശനത്തിന്റെ അനന്തമായ സാധ്യതകളെ അവലോകനം ചെയ്യുന്നതിലും മറ്റും കാര്യമാത്ര പ്രസക്തമായ സംഭാവനകളും മറ്റും നടത്തിവരുന്നുണ്ട്.

ജപ്പാനിൽ ആദ്യമായി അവതരിപ്പിച്ച ബുദ്ധമതശാഖ ചൈനയിൽ അവതരിപ്പിക്കപ്പെട്ട മഹായാന ശാഖയായിരുന്നു. അതിനുശേഷം 12-ഉം 13-ഉം നൂറ്റാണ്ടുകളിൽ മുഖ്യാചാര്യന്മാരുടെ പ്രവർത്തനഫലമായി വന്ന പരിവർത്തനങ്ങൾ ചീന ശ്രോതസ്സിൽ നിന്നുവന്ന പ്രചോദനം ഉൾക്കൊണ്ടുകൊണ്ടായിരുന്നു. ആ മുഖ്യധാര പ്രവണത ഇന്നും തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ 'മെയ്ജീ'രാജവംശത്തിന്റെ മദ്ധ്യകാലഘട്ടത്തിൽ ജപ്പാനിൽ ബുദ്ധദർശങ്ങളെക്കുറിച്ച് ഒരു പുതിയ താല്പര്യം ഉളവകുകയും അതിനെ പോഷിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തുവരുന്നു. അതിന്റെ പ്രതിഫലനമായി ഗൗതമബുദ്ധന്റെ ചിത്രങ്ങൾ സാധാരണക്കരുടെയിടയിലും മറ്റും പ്രചാരം നേടുകയും, അത് ബുദ്ധമതത്തിനും തത്വചിന്തക്കും അടിസ്ഥാനമായി മഹത്തായ ഉപദേശങ്ങളുടെയും വാഗ്വാദങ്ങളുടെയും, വിവരണങ്ങളുടെയും, ദാർശനിക പ്രവചനങ്ങളുടെയും വലിയ ഒരു ഗ്രന്ഥശേഖരവും അതിനെല്ലാം കാരണഭൂതനായ ഒരു വ്യക്തി ഉണ്ടായിരുന്നുവെന്നതിനെയും ആസ്പദമാക്കിയാണ്. ഈ പുതിയ പ്രവണത ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ഒരുപക്ഷെ ഇത്തരമൊരു അറിവ് ഗവേഷകന്മാരുടെ ഇടയിലും മറ്റുമാണ് കാണുന്നതെങ്കിലും, ബുദ്ധമതവും തത്വചിന്തയും മഹായന ശാഖയേയും ചില ആചാര്യന്മാരുടെയും ഉപദേശങ്ങളിൽ ഒതുങ്ങുന്നതാണെന്ന് വിശ്വസിക്കുന്നവർക്ക് ഒരു വലിയ തിരിച്ചടിയാണ്. മാത്രമല്ല ബുദ്ധമതത്തിലും ദർശനങ്ങളിലും അധിഷ്ഠിതമായ ഒരു ജീവിത ശൈലിയും വീക്ഷണവും സ്വാംശീകരിച്ചിട്ടുള്ള ജപ്പാനിലെ സമൂഹം ഒരു പുതിയ ഉണർവ്വോടുകൂടിയാണ് പുതിയ മാറ്റങ്ങളെ ഉൾക്കൊള്ളുന്നത്. അത് ആധുനിക സമൂഹം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിഹാരമായി വർത്തിക്കുമെന്ന് കരുതാം. ഈ ആധുനികകാല പ്രവണതയെ ബുദ്ധമതത്തിന്റെ മൂന്നാം കാലഘട്ടമായി കാണുന്നതിൽ ഒരു തെറ്റുമില്ല.

# ബുദ്ധന്റെ സാരോപദേശങ്ങളുടെ പ്രചരണം

ബുദ്ധമത പ്രസ്ഥാനങ്ങളെല്ലാം തന്നെ ശാക്യമുനി (ഗൗതമ) ബുദ്ധന്റെ ഉപദേശങ്ങളെയും പഠനങ്ങളെയും ധ്യാനാസ്പദമായ നിരീക്ഷണങ്ങളെയും ആധാരപ്പെടുത്തിയുള്ള തത്വസംഹികളുടെയും ദാർശനങ്ങളുടെയും ഒരു വലിയ ഗ്രന്ഥ സമുച്ചയത്തിൽ നിന്നാണ് ഉദയം കൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ ദർശനത്തിന് പരമപ്രധാനമായ സ്ഥാനമാണ് ബുദ്ധമത പ്രസ്ഥാനങ്ങളിലുള്ളത്. 84000 ധർമ്മ പദങ്ങളും, അതിലുമധികം ശാഖകളായി പിരിഞ്ഞ മതസംഘടനകളുമുള്ള ബുദ്ധമത പ്രസ്ഥാനങ്ങൾക്ക് ആധാരമായി നിലകൊള്ളുന്നത് ആധികാരികങ്ങളായ ഗ്രന്ഥങ്ങളാണ്. അവയെ സൂത്രാഗമ (ഇസൈക്യൊ) എന്നും വിനയാഗമ (ദൈസ്യോക്യോ) എന്നും വിളിക്കുന്നു.

ശാക്യമുനി ബുദ്ധൻ മനുഷ്യരുടെ ഏകത്വത്തിലും വ്യക്തിത്വ തുല്യതയേയും ആധാരപ്പെടുത്തിയാണ് തന്റെ ഉപദേശങ്ങൾ നല്കിയിട്ടുള്ളത്. അത് സാധാരണ ജനങ്ങൾ ഉപയോഗിച്ചിരുന്ന ഭഷയിലും ശൈലിയിലുമാണ് അവതരിപ്പിച്ചിട്ടുള്ളത്. അത് പാമരന്മാരായ ഗ്രാമവാസികൾക്കുപോലും മനസ്സിലാകത്തക്കവിധത്തിലാണ് നല്കിയിട്ടുള്ളത്. അദ്ദേഹം തന്റെ ഉപദേശങ്ങൾ ജന സഹസ്രങ്ങളെ അജ്ഞതയിൽ നിന്നും ജീവിതത്തിന്റെ വേദനകളിൽ നിന്നും രക്ഷനേടുന്നതിനുവേണ്ടി തന്റെ അവസാന നിമിഷം വരെ, എൺപതാം വയസ്സിൽ മഹാപരിനിർവ്വാണം പ്രാപിക്കുന്നതുവരെ തുടർന്നുകൊണ്ടിരുന്നു.

ശാക്യമുനി ബുദ്ധന്റെ മഹാപരിനിർവ്വാണത്തിനുശേഷം അദ്ദേഹം നല്കിയ ഉപദേശങ്ങളുടെ പ്രചാരണം ആ വാക്കുകൾ നേരിട്ടു ശ്രവിച്ച ശിഷ്യന്മാരേറ്റെടുക്കുകയും ചെയ്തു. എന്നിരുന്നാലും അവയെ കേട്ട ശിഷ്യന്മാരുടെ പുനരാവർത്തനത്തിൽ നിസ്സാരമായ വ്യതിയാനങ്ങൾ, മാനുഷികമായ പരിമിതികളുടെ കാരണത്താലും അവർ ശരിയായി ശ്രവിക്കാതിരുന്നതിനാലും സംഭവിച്ചിരുന്നേക്കാം. എന്നാൽ ബുദ്ധധർമ്മത്തിന്റെ അടിസ്ഥാന തത്വങ്ങളായ ബുദ്ധവചനങ്ങൾ ശരിയായ രീതിയിൽ അവ ഉപദേശിച്ച സാഹചര്യങ്ങളെക്കൂടി കണക്കിലെടുത്തുകൊണ്ട് എല്ലാമനുഷ്യർക്കും മനസ്സിലാകുന്നരീതിയിലും ഭാഷയിലും സാധ്യമാക്കികൊടുക്കണമെന്ന ലക്ഷ്യത്തോടെ മുതിർന്നവരുടെ സംഘം ഒത്തുകൂടുകയും വളരെ മാസങ്ങൾ ചർച്ചകളിലേർപ്പെടുകയും ആ ഉപദേശങ്ങളെ കേട്ടവരിൽ നിന്നും അവ ശേഖരിക്കുകയും അവയെ സസൂക്ഷ്മം സ്ഥിരീകരിക്കുകയും ചെയ്തു. ഇതിൽനിന്ന് ഒരു കാര്യം വ്യക്തമായി മനസ്സിലാക്കാം, ഭഗവാൻ ബുദ്ധൻ ജീവിച്ചിരുന്ന കാലത്ത് അദ്ദേഹത്തിന്റെ വാക്കുകൾ ശ്രവിക്കുവാൻ സാധിച്ചവർക്ക് അവ വലിയൊരു പ്രചോദനമായിരുന്നു. അവയെ അങ്ങനെ തന്നെ നിലനിർത്തുവാനാണ് മുതിർന്ന ശിഷ്യരുടെയും പുരോഹിതന്മാരുടെയും സംഘം ആദ്യമായി ശ്രമിച്ചത്.

ആ ഉപദേശങ്ങൾ കാലാകാലങ്ങളിൽ ഉണ്ടായിക്കൊണ്ടിരുന്ന ആചാര്യന്മാരുടെ വിശദീകരണങ്ങളും വിമർശ്ശനങ്ങളും ഉൾക്കൊണ്ടുകൊണ്ട് വലിയ ഒരു ഗ്രന്ഥസമുച്ചയമായി മാറി. ആ വിശകലനങ്ങളെ അഭിധർമ്മ (ജപ്പാൻ: രോൺ) എന്നപേരിൽ അറിയപ്പെടുന്നു. ഉപദേശങ്ങളെ ആദ്യകാലങ്ങളിൽ തന്നെ

ഉൾപ്പെടുത്തി. എന്നാൽ ആ വിശദീകരണങ്ങളെ കാലാകാലങ്ങളിൽ എഴുതിച്ചേർക്കുകയാണുണ്ടായത്. ഈ മൂന്ന് വിശുദ്ധഗ്രന്ഥങ്ങളുടെ സമാഹരത്തിനെ ത്രിപിടക (ജപ്പാൻ: സാൻസൊ) എന്നപേരിൽ അറിയപ്പെടുന്നു.

ത്രിപിടക അല്ലെങ്കിൽ മൂന്നുപീടകങ്ങൾ എന്നത് നികായ പിടിക (ജപ്പാൻ: ക്യോസോ), വിനയ പിടിക (ജപ്പാൻ: റിട്സോ), അഭിധർമ്മപിടിക (ജപ്പാൻ: രോൺസൊ). പിടിക എന്നതുകൊണ്ടുദ്ദേശിക്കുന്നത് പാത്രം എന്ന അർത്ഥത്തിലാണ്. ആദ്യത്തെ പിടകത്തിൽ ബുദ്ധന്റെ ഉപദേശങ്ങളും; രണ്ടാമത്തെ പിടികത്തിൽ സഹോദര സംഘത്തിനുള്ള ജീവിതചര്യയും മറ്റും വിശദീകരിക്കുന്നു. അഭിധർമ്മമെന്നാൽ ആചാര്യന്മാർ നല്കിയ വിശദീകരണങ്ങളെയുമാണ് പ്രതിനിധീകരിക്കുന്നത്.

ബുദ്ധമതത്തിലെ എല്ലാ വിഭാഗങ്ങളും അവരവരുടെ രീതിയിൽ ബുദ്ധോപദേശങ്ങളുടെ ആധികാരിക ഗ്രന്ഥങ്ങൾ പിൻതുടരുന്നുണ്ട്, എന്നാൽ യഥാർത്ഥമായ ത്രിപിടക ഇപ്പോഴും കൈവശം വെച്ചിരിക്കുന്നത് പാലി ഭാഷയിലെഴുതിയിട്ടുള്ള ഗ്രന്ഥ സമുച്ചയങ്ങളാണ്. അത് തേരവാദ എന്ന വിഭാഗത്തിന്റെ ആധികാരിക ഗ്രന്ഥങ്ങളാണ്. ബുദ്ധമതം പിൻതുടരുന്ന തെക്കും തെക്കുകിഴക്കനേഷ്യയിലുമുള്ള രാജ്യങ്ങൾ പാലി ഗ്രന്ഥങ്ങളെയാണ് ആശ്രയിക്കുന്നത്.
ബുദ്ധമതം യഥർത്ഥത്തിൽ ക്രി.വ. 67-ൽ തന്നെ പില്ക്കാല 'ഹാൻ' വംശത്തിലെ 'മിങ്' രാജാവിന്റെ കാലത്ത് ചൈനയിൽ വരുകയും പ്രചരിക്കുകയും ചെയ്തിരുന്നു. പില്ക്കാല 'ഹാൻ' വംശം ക്രി.വ. 25 മുതൽ 220 വരെയാണ് ഭരണം നടത്തിയിരുന്നത്. പക്ഷെ ബുദ്ധമത സംബന്ധമായ ഗ്രന്ഥങ്ങൾ വീണ്ടും എൺപത്തിനാല് വർഷം കഴിഞ്ഞാണ് വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളത്. ഇത് അതേവംശത്തിൽ തന്നെയുള്ള ' ഹു-ആൻ' രാജാവിന്റെ കാലത്താണ് ക്രി.വ.151-ലാണ് നടത്തിയിട്ടുള്ളത്. അക്കാലത്ത് മഹായാന ശാഖ ഭാരതത്തിൽ പ്രബലമായിരുന്നതിനാൽ ആദ്യകാല ബുദ്ധമതഗ്രന്ഥങ്ങളും മഹായാന ഗ്രന്ഥങ്ങളും വ്യത്യാസമന്യേ വിവർത്തനം ചെയ്യപ്പെട്ടു. അതിനുശേഷം എതാണ്ട് 1700 വർഷക്കാലത്തോളം ഈ വിവർത്തന ചരിത്രം തുടർന്നുകൊണ്ടിരുന്നു. ഇക്കാലത്തിനിടക്ക് 1,440 ഗ്രന്ഥങ്ങൾ 5,586വാല്യങ്ങളായി പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചു.' വി-അയ്' വംശത്തിന്റെ ഭരണകാലത്ത് ഈ ഗ്രന്ഥങ്ങളെ പരിരക്ഷിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചു, എങ്കിലും അതിൽ പൂർണ്ണവിജയം അച്ചടി വിദ്യ ഉത്തര സുങ് വംശത്തിന്റെ കാലത്ത് ആരംഭിച്ചതുമുതലാണ് കൂടുതൽ ഊർജ്ജിതമായത്. ഇക്കാലത്തു തന്നെ ചീന ആചാര്യന്മാരുടെ വിശദീകരണങ്ങളും വിശകലനങ്ങളും ഈ ഗ്രന്ഥസമുച്ചയങ്ങളിൽ കടന്നുകൂടുകയും അത് ത്രിപിടകയുടെ വിവർത്തനങ്ങളിൽ നിന്നും സാരമായി വ്യതിചലിക്കുകയും ചെയ്തു. 'സു-ഇ' കാലഘട്ടത്തിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനായി ചില ശ്രമങ്ങൾ നടക്കുകയും വിശുദ്ധഗ്രന്ഥങ്ങളുടെ ഒരു പുനരീക്ഷരണം നടത്തുകയും ചെയ്തു. പിന്നീട് 'താങ്' കാലഘട്ടത്തിൽ ഒരു പുതിയ മുഖവുരയോടുകൂടി ബുദ്ധമതസംബന്ധിയായ ഗ്രന്ഥങ്ങൾ നിയമങ്ങളും ശാസ്ത്രങ്ങളും എന്നപേരിൽ പ്രസിദ്ധീകരിച്ചു.

തിബറ്റിൽ എതാണ്ട് ഏഴാം നൂറ്റാണ്ടുകാലത്താണ് ബുദ്ധമതം അവതരിപ്പിക്കപ്പെട്ടതും പ്രചാരത്തിലായതും. ഒൻപതും പതിനൊന്നും നൂറ്റാണ്ടുകളിലെ 150 വർഷക്കാലം ബൗദ്ധഗ്രന്ഥ സമുച്ചയങ്ങളുടെ വിവർത്തനം

തുടരുകയും യഥാർത്ഥത്തിൽ തിബറ്റൻ ഭാഷയിലേക്ക് മിക്കവാറും ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുകയും ചെയ്തു.

ബൗദ്ധഗ്രന്ഥങ്ങളുടെ വിവർത്തനം, കൊറിയൻ, ജാപ്പനീസ്, സിങ്കളം, കമ്പോഡിയൻ, തുർക്കി, തുടങ്ങിയ ഭാഷകളെക്കൂടാതെ മിക്കാവറും എല്ലാ കിഴക്കൻ ദേശങ്ങളിലെ ഭാഷകളിലേക്കും, ലാത്തിൻ, ഫ്രഞ്ച്, ഇംഗ്ലീഷ്, ജർമ്മൻ, ഇറ്റാലിയൻ തുടങ്ങിയ ഭാക്ഷകളിലെക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അനുഗൃഹീതമായ ബൗദ്ധഗ്രന്ഥങ്ങൾ ഒരു ആശീർവ്വാദം പോലെ ലോകത്തിലുള്ള എല്ലാ മനുഷ്യർക്കും ഇന്ന് ലഭിക്കുവാൻ സാധിക്കും.

ഈ വിവർത്തനങ്ങളെക്കുറിച്ചും ബുദ്ധമതത്തിന്റെ രണ്ടായിരത്തിലധികം വർഷത്തെ പ്രചാരത്തെപ്പറ്റി ഒരു സ്വതന്ത്രമൂല്യനിർണ്ണയം നടത്തുകയാണെങ്കിൽ, പതിനായിരക്കണക്കിന് പുസ്തകങ്ങൾ ബുദ്ധധർമ്മത്തെപ്പറ്റിയും അടിസ്ഥന ഗ്രന്ഥങ്ങളെ ആസ്പദമാക്കിയും നടത്തിയിട്ടുണ്ടെങ്കിലും ശാക്യമുനി ബുദ്ധന്റെ ഉപദേശങ്ങളുടെ യഥാർത്ഥ അർത്ഥവും മൂല്യവും ഒരുപക്ഷെ ആധികാരിക ഉപദേശങ്ങളുടെ വെളിച്ചത്തിലും ശരിക്കും മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുണ്ട്. അതിനാൽ ഒരുവൻ പുസ്തകങ്ങളെ മാത്രമാശ്രയിക്കാതെ സ്വന്തം ധ്യാനത്തിനും ആത്മപരിശോധനക്കും ഉതകുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളണം. അങ്ങനെ ഒരുവൻ അവന്റെ വിശ്വാസപരവും മതപരവുമായ ജീവിതരീതി കെട്ടിപ്പടുക്കണം.
ബുദ്ധമതത്തിൽ ശാക്യമുനി ബുദ്ധന്റെ ഉപദേശങ്ങൾക്കും പഠനങ്ങൾക്കുമാണ് മുഖ്യസ്ഥാനം. വിശേഷിച്ച് ആ ഉപദേശങ്ങൾ സാധാരണ ജീവിതത്തിലെ പ്രശ്നങ്ങളുമായും ബുദ്ധിമുട്ടുകളുമായി വളരെ ബന്ധപ്പെട്ടു കിടക്കുന്നു; അങ്ങനെയല്ലായിരുന്നുവെങ്കിൽ ആ ഉപദേശങ്ങൾ ജനസാമാന്യങ്ങളെ ഇത്രയുമധികം കാലം സ്വാധീനിക്കുകയില്ലായിരുന്നു. ഇക്കാരണം കൊണ്ടുതന്നെ ഒരുവന് ബൗദ്ധഗ്രന്ഥങ്ങളുടെ ഉണ്മ മനസ്സിലാക്കുവാൻ ബുദ്ധിമുട്ടില്ല, അത് അവന്റെ നിത്യജീവിതസാഹചര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. അവയുടെ സ്വതന്ത്രമായ നിലപാടാണ് അതിനെ ഉത്തമമായ ഉപദേശങ്ങളാക്കിമാറ്റിയിരിക്കുന്നതും അത് മനുഷ്യമനസ്സുകളെ ശുദ്ധീകരിക്കുന്ന ദിവ്യ ഔഷധങ്ങളായി സഹസ്രാബ്ദങ്ങളായി നിലകൊള്ളുന്നതും.

ഈ പുസ്തകം മുകളിൽ നിർവ്വചിച്ചിട്ടുള്ള കാര്യങ്ങളെ ആസ്പദമാക്കിയാണ് ഈ പുസ്തകവും രചിച്ചിട്ടുള്ളത്. ഇതിൽ രണ്ടായിരത്തിനുമേൽ വർഷം പഴക്കമുള്ള ചരിത്രവും ആ ഗ്രന്ഥസമുച്ചയങ്ങളിൽ നൂറുകണക്കിന് വർഷക്കാലം ഉണ്ടായിട്ടുള്ള ചിന്താസരണികളും എളിയരീതിയിൽ കോർത്തിണക്കിക്കൊണ്ട് ഉണ്ടാക്കിയിരിക്കുന്നതാണ്. ബുദ്ധദർശനത്തിന്റെയും തത്വചിന്തയുടെയും ആഴവും പരപ്പും കണക്കിലെടുത്താൽ ഈ ശ്രമം വളരെ എളിയതും ആ ചിന്താധാരയിൽ ഒരു നേർത്ത ഘടകവുമായേ വർത്തിക്കുകയുള്ളു.

അതിനാൽ ഈ പുസ്തകം അതിന്റെ ഭാവി പ്രസിദ്ധീകരണങ്ങളിൽ ഗവേഷകരുടെയും പണ്ഡിതന്മാരുടെയും സംഭാവനകൾക്കനുസൃതമായി കൂടുതൽ ഉണർവ്വും ശക്തിയുമാർജ്ജിക്കുകയും ബുദ്ധധർമ്മത്തെയും ദർശനങ്ങളെയും സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുന്ന ഒരു ഉത്തമ ഗ്രന്ഥമായി തീരുമെന്നും പ്രതീക്ഷിക്കുന്നു. അതാണ് ഈ പ്രസിദ്ധീകരണത്തിന്റെ അടിസ്ഥാന ലക്ഷ്യവും.

## ''ശ്രീബുദ്ധൻ അരുളിയ സാരോപദേശങ്ങളുടെ'' ചരിത്രം

ഈ പുസ്തകം ആദ്യമായി രൂപീകൃതമാക്കപ്പെട്ടതും തിരുത്തിയെഴുതപ്പെട്ടതും, ജൂലൈയ് 1925 ജപ്പാനീസ് ഭാഷയിൽ എഴുതപ്പെട്ട ''പുതിയതായി വിവർത്തനം ചെയ്യപ്പെട്ട ബൗദ്ധ ഗ്രന്ഥങ്ങൾ'' ആണ്. ഇത് റവ. മു-അൻ കിസു വിന്റെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ട ബുദ്ധഗ്രന്ഥങ്ങളുടെ പ്രചാരത്തിനുവേണ്ടി ഉണ്ടാക്കിയ കേന്ദ്രത്തിന്റെ മേൽനോട്ടത്തിലാണ് ആരംഭിച്ചത്. ഏതാണ്ട് അഞ്ചുവർഷക്കാലമെടുത്തു ഈ പ്രവർത്തനം സധ്യമാക്കുന്നതിന്. അതിൽ പ്രൊഫസർ ഷുങ്കാക്കു യമാബെ, പ്രൊഫസർ ഷിസെൻ അകനുമ തുടങ്ങിയവരും മറ്റു പല ജാപ്പനീസ് ഗവേഷകരും പങ്കുചേർന്നു.

'ഷോവ' കാലഘട്ടത്തിൽ (1926-1989), ''പുതിയതായി വിവർത്തനം ചെയ്യപ്പെട്ട ബൗദ്ധഗ്രന്ഥങ്ങളുടെ ജനകീയ പ്രസിദ്ധീകരണം'' ഈ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുകയും അത് ജപ്പാനിൽ എല്ലായിടങ്ങളിലും പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

1934 ജൂലൈയ്-ൽ പാൻ പസഫിക് ബുദ്ധിസ്റ്റ് യൂത്ത് മീറ്റിംഗ് ജപ്പാനിൽ നടത്തുകയും അതിനോടനുബന്ധിച്ച് '' ദി ടീച്ചിങ്സ് ഒഫ് ബുദ്ധാ'' ഇംഗ്ലീഷ് ഭാഷയിൽ ''പുതിയതായി വിവർത്തനം ചെയ്യപ്പെട്ട ബൗദ്ധഗ്രന്ഥങ്ങളുടെ ജനകീയ പ്രസിദ്ധീകരണം''യിൽ നിന്ന് വിവർത്തനം ചെയ്യപ്പെട്ടു. അത് ഓൾ ജപ്പാൻ ബുദ്ധിസ്റ്റ് യൂത്ത് ഫെഡെറേഷന്റെ മേൽനോട്ടത്തിൽ നടത്തപ്പെട്ടു. ആ ഉദ്യമത്തിൽ ഡി. ഗൊർദ്ദർഡ് സ്തുത്യർഹമായ പങ്കുവഹിച്ചു. 1962 ബുദ്ധമതത്തിന്റെ അമേരിക്കയിലെ അവതരണത്തിന്റെ എഴുപതാം വാർഷികത്തോടനുബന്ധിച്ച് മിട്സുതൊയൊ കോർപ്പൊറേഷൻ എന്ന സ്ഥാപനത്തിന്റെ സ്ഥാപകനായ യെഹൻ നുമാത്ത അമേരിക്കയിൽ '' ദി ടീച്ചിങ്സ് ഒഫ് ബുദ്ധാ'' ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തി.

1965-ൽ യെഹൻനുമാത്ത 'സൊസൈറ്റി ഫോർ ദി പ്രമോഷൻ ഓഫ് ബുദ്ധിസം' ടൊക്യോവിൽ ആരംഭിച്ചപ്പോൾ ഈ പുസ്തകം രാജ്യാന്തരവ്യാപകമായി പ്രസിദ്ധപ്പെടുത്തുവാൻ തീരുമാനിച്ചു. അത് ഈ കേന്ദ്രത്തിന്റെ ഒരു പ്രധാന ലക്ഷ്യമാക്കിയെടുക്കുകയും ചെയ്തു.

ഈ ലക്ഷ്യം കുറച്ചുകൂടി നന്നായി സാധിക്കുന്നതിനുവേണ്ടി ഒരു1966-ൽ ഒരു കമ്മറ്റിയെ നിയോഗിക്കുകയും അത് '' ദി ടീച്ചിങ്സ് ഒഫ് ബുദ്ധാ'' തിരുത്തിയെഴുതുന്നതിനുള്ള ഉദ്യമത്തിൽ ഏർപ്പെടുകയും ചെയ്തു. ആ കമ്മറ്റിയിൽ അംഗങ്ങളായി പ്രവർത്തിച്ചവർ, പ്രൊഫസർമാർ കനുയോഷി കിനൊ, ഷുയു കനാഓക്ക, സെന്നോ ഇഷിഗാമി, ഷിൻകൊ സയെകി, കോഡൊ മത്സുനാമി, ഷോജുൻ ബാൻഡൊ, തകെമി തകാസെ. അതിന്റെ തിരുത്തി എഴുതൽ കമ്മിറ്റിയിൽ പ്രൊഫസർ ഫുമിയൊ മസുതാനി, എൻ. എ. വാഡെൽ, തൊഷിയുകെ ഷിമിസു തുടങ്ങിയവർ പ്രവർത്തിച്ചു. ഈ കമ്മിറ്റിയുടെ ശ്രമഫലമായി '' ദി ടീച്ചിങ്സ് ഒഫ് ബുദ്ധാ'' ആധുനികരീതിയിൽ പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചു.

1972-ൽ ജാപ്പനീസ് ഈ പുസ്തകം വീണ്ടും ഒരു വിദഗ്ദ്ധ കമ്മിറ്റിയുടെ പുനർപരിശോധനക്ക് വിടുകയും അത് ആവശ്യമായമാറ്റങ്ങളും തിരുത്തലുകളും നടത്തി ആ വർഷം തന്നെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ആ കമ്മിറ്റിയിൽ പ്രൊഫസറന്മാരായ, ഷുയു കന്ഓക്ക, സെന്നോ ഇഷിഗാമി, ഷോയൂ ഹനയാമ, ക്വാൻസേയി തമുറാ, തക്കെമി തകസെ എന്നിവർ ഉൾപ്പെട്ടിരുന്നു.

അടുത്തതായി ജാപ്പനീസ് വിഭാഗത്തിന്റെ തിരുത്തൽ പ്രവർത്തനം 1973-ൽ ആരംഭിക്കുകയും അതിൽ പ്രൊഫസറന്മാരായ റിയോതത്സു ഷിയോജിരി, തക്കെമി തകസെ, ഹിരോഷി തച്ചിക്കാവ, ക്വൻസെയി തമുറാ, ഷോജുൻ ബാൻഡൊ, ഷോയൂ ഹിരായാമാ ജാപ്പനീസ് ഭാഷയിലുള്ള '' ദി ടീച്ചിങ്സ് ഒഫ് ബുദ്ധാ'' ആ വർഷം തന്നെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

അതിനെത്തുടർന്ന് 1974-ൽ വീണ്ടും ഒരു കമ്മിറ്റിയെ ഇംഗ്ലീഷ് ഭാഷയിലേക്ക് ആവശ്യമായ തിരുത്തൽ നടത്തുന്നതിന് ഏർപ്പെടുത്തുകയും അത് ആ പ്രവർത്തനം ആ വർഷം തന്നെ പൂർത്തിയാക്കുകയും ചെയ്തു. ആ കമ്മിറ്റിയിൽ പ്രൊഫസറന്മാരായ, കോഡോ മത്സുനാമി, ഷോജുൻ ബാൻഡൊ, ഷിൻകോ സയെകി, ഡോയൂ തൊക്കുനാഗാ, ക്വൻസെയി തമുറാ ഷോയൂ ഹിനായാമാ എന്നിവർ അംഗങ്ങളായി പ്രവർത്തിക്കുകയും ശ്രീ റിച്ചാർഡ് സ്റ്റേനർ ആവശ്യമായ തിരുത്തലുകൾ നടത്തുകയും ചെയ്തു. അങ്ങനെ ഇംഗ്ലീഷിൽ പുതിയ പരിവർത്തനങ്ങളോടെ '' ദി ടീച്ചിങ്സ് ഒഫ് ബുദ്ധാ'' പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

1978-ൽ പ്രൊഫസറന്മാരായ ഷിഗെയൊ കമദാ, യസുഅക്കി നാരാ തുടങ്ങിയവർ കമ്മിറ്റിയിൽ ചേരുകയും. അതിനുശേഷം 2001-ൽ ഒരു പുതിയ കംപയിലേഷൻ കമ്മിറ്റി രൂപീകൃതമാകുകയും അതിൽ പ്രൊഫസറന്മാരായ സെന്നൊ ഇഷിഗാമി, യസുഅക്കി നാരാ, കോഡോ മത്സുയാമി, ഷോജുൻ ബാൻഡൊ, കെന്നത് തനാക്കാ, ഷൊഗൊ വത്തനാബെ, യൊഷിയസു യൊനെസാവ എന്നിവരും പ്രൊഫസർ സെൻഗാക്കു മയെഡാ എഡിറ്ററായും ഈ എഡിഷൻ 2004-ൽ ജാപ്പനീസിലും ഇംഗ്ലീഷിലും പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

ഡിസംബർ 2004.

## പരിഭാഷക കുറിപ്പ്

ഈ പുസ്തകത്തിന്റെ മലയാളം പരിഭാഷ നടത്തുവാൻ പ്രൊഫസർ സെന്ഗാക്കു മയെഡാ എന്നോട് ആവശ്യപ്പെടുമ്പോൾ എന്നെ അലട്ടിയ ഏറ്റവും മുഖ്യമായ പ്രശ്നം എനിക്ക് മലയാളത്തിൽ ഇങ്ങനെ ഒരു ഉദ്യമം നടത്തുവാനുള്ള കഴിവിനെക്കുറിച്ചായിരുന്നു. എന്നിരുന്നാലും ഈ പുസ്തകത്തിന്റെ ഭാഷാന്തരം ആരംഭിച്ചപ്പോൾ എന്റെ ആ ഭയം മഞ്ഞിമറയുകയും എന്നിൽ അന്തർലീനമായിക്കിടന്നിരുന്ന എന്റെ മാതൃഭാഷ ഉണർത്തെഴുന്നേൽക്കുകയും, അത് എനിക്ക് ഈ ശ്രമം വളരെ ആസ്വാദ്യകരമാക്കിത്തരുകയും ചെയ്തു. ഈ ഉദ്യമത്തിൽ എന്നെ നേരിട്ടും അല്ലാതെയും സഹായിച്ച എല്ലവാർക്കും എന്റെ അകം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. പ്രത്യേകിച്ച് വളരെ കൃത്യമായി പകർപ്പ് വായിച്ച് തെറ്റുകൾ തിരുത്തി വേണ്ടുന്ന മാറ്റങ്ങൾ നിദ്ദേശിച്ച് എന്നെ സഹായിച്ച ശ്രീ ജിതേന്ദ്രനാഥ്, ഇതിന്റെ ജാപ്പനീസ് പകർപ്പ് വായിച്ച് എന്നെ പരിഭാക്ഷയിൽ സഹായിച്ച എന്റെ ഭാര്യ ഡോക്ടർ യൂക്കൊ ഫുക്കുറോയി, ആദ്യകാലങ്ങളിൽ എന്റെ മലയാളം വായിച്ച് വേണ്ടുന്ന നിർദ്ദേശങ്ങൾ നല്കിയ എന്റെ മാതാവ് യശഃശരീരയായ ശ്രീമതി ത്രേസ്യാമ്മ വർഗ്ഗീസ് തുടങ്ങിയവരിൽ നിന്ന് കിട്ടിയ സഹായം കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. ഈ പരിഭാഷ നടത്തിയ ഒരുവർഷക്കാലം ബുദ്ധചിന്തയിലൂടെ സഞ്ചരിക്കുവാൻ സാധിക്കുക വഴി ഞാൻ വാക്കുകളാൽ വിവരിക്കാൻ വയ്യാത്ത ഒരുതരം മാനസികമായ ശാന്തതയും ആത്മാനുഭൂതിയും അനുഭവിച്ചു. ശ്രീബുദ്ധന്റെ ഉപദേശങ്ങൾ ഏതു മനസ്സിനെയും ഉത്സാഹപ്പെടുത്തുവാനും സാന്ത്വനപ്പെടുത്തുവാനും കഴിവുള്ളതാണ്. ഞാൻ അനുഭവിച്ച ആ ദിവ്യാനുഭവം ഇത് വായിക്കുന്ന എല്ലാവർക്കും അനുഭവിക്കുവാൻ സാധ്യമാകട്ടെയെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

**മാത്യൂ വർഗ്ഗീസ് മിറ്റത്താനി**
വിവർത്തകൻ

# ഗ്രന്ഥസൂചി

## ''ശ്രീ ബുദ്ധൻ നല്കിയ സാരോപദേശങ്ങൾ ''

### മനുഷ്യ ജീവിതം


| | പേജ് | വരി |
|---|---|---|
| ജിവിതത്തിന്റെ അർത്ഥം | 5 | 19 |
| ലോകത്തിന്റെ യഥാർത്ഥ സ്ഥിതി | 96 | 23 |
| ശരിയായ ജിവിതമാർഗ്ഗ നിർദ്ദേശങ്ങൾ | 234 | 16 |
| തെറ്റായ ജീവിതമാർഗ്ഗ നിർദ്ദേശങ്ങൾ | 44 | 22 |
| ശരിയാ ജീവിത ചിന്തകൾ | 41 | 12 |
| പക്ഷഭേധിഷ്ഠിതമായ ജീവിതം | 57 | 10 |
| മായക്ക് അടിമപ്പെട്ട മനുഷ്യർ (കഥ) | 127 | 1 |
| ഒരു മനുഷ്യന്റെ ജീവിതം (കഥ) | 90 | 25 |
| ഒരുവൻ അത്യാഗ്രഹത്തിന്റെയും ലൗകികചിന്തയുടെയും മാർഗ്ഗം പിൻതുടരുകയാണെങ്കിൽ | 90 | 9 |
| എന്ത് പാഠമാണ് വയസ്സായവരും രോഗികളും മരിച്ചവരും പഠിപ്പിക്കുന്നത് (കഥ) | 93 | 18 |
| മരണം ഒരു യാഥാർത്ഥ്യമാണ് (കഥ) | 94 | 20 |
| ഒരുവന് ഒരിക്കലും സാധിക്കുവാൻ സാധിക്കാത്ത അഞ്ച് കാര്യങ്ങൾ | 48 | 10 |
| ലോകത്തെ സംബന്ധിക്കുന്ന നാല് സത്യങ്ങൾ | 48 | 24 |
| മായയും ജ്ഞാനവും മനസ്സിലാണ് ജനിക്കുന്നത് | 49 | 9 |
| സാധാരണ മനുഷ്യന് സാധിക്കുവാൻ ബുദ്ധിമുട്ടുള്ളതും എന്നാൽ മുഖ്യവുമായ ഇരുപത് കാര്യങ്ങൾ | 133 | 7 |


### വിശ്വാസം


| | | |
|---|---|---|
| വിശ്വാസമാകുന്ന അഗ്നി | 178 | 21 |
| വിശ്വാസത്തിന് മൂന്ന് കാര്യങ്ങൾ ആസ്പദമായിട്ടുണ്ട് | 180 | 10 |
| വിശ്വാസത്തിന് ഒരു പൂർത്തീകരണമുണ്ട് | 181 | 16 |
| വിശ്വാസം ആത്മാർത്ഥതയുള്ള മനസ്സിൽ ഉദിക്കുന്നു. | 180 | 22 |

ഗ്രന്ഥസൂചി


| | പേജ് | വരി |
|---|---|---|
| സത്യത്തെ മനസ്സിലാക്കുന്നത് ഒരു അന്ധനായ മനുഷ്യൻ സ്പർശ്ശനത്തിലൂടെ ഒരു ആനയുടെ രൂപം മനസ്സിലാക്കുന്നതിന് തുല്യമാണ് (കഥ) | 75 | 1 |
| ബുദ്ധസ്വഭാവം എവിടെയെന്നത് ബുദ്ധന്റെ യഥാർത്ഥ ഉപദേശങ്ങളിൽ നിന്ന് മനസ്സിലാക്കുന്നു (കഥ) | 77 | 23 |
| ബുദ്ധസ്വഭാവം തൃഷ്ണയിൽ മൂടിയിരുക്കുന്നു (കഥ) | 73 | 14 |
| സംശയം വിശ്വാസത്തിന് തടസ്സമായി നിൽക്കുന്നു. | 182 | 1 |
| ബുദ്ധൻ എല്ല ജീവികൾക്കും പിതാവും എല്ലാ ജീവികളും അദ്ദേഹത്തിന്റെ മക്കളുമാകുന്നു | 35 | 28 |
| ബുദ്ധന്റെ പ്രജ്ഞ ഒരു മഹാസാഗരത്തിന് സമാനമായ ആഴവും പരപ്പുമുള്ളതാണ് | 34 | 12 |
| ബുദ്ധന്റെ ചൈതന്യം കാരുണ്യം നിറഞ്ഞതാണ് | 15 | 1 |
| ബുദ്ധന്റെ കാരുണ്യം നിരന്തരമാണ് | 16 | 8 |
| ബുദ്ധന് സ്ഥൂല ശരീരമില്ല | 13 | 28 |
| ബുദ്ധൻ അദ്ദേഹത്തിന്റെ ജീവിതാവസാനം വരെ ഉപദേശങ്ങൾ നല്കി | 23 | 22 |
| ബുദ്ധൻ ജീവിതത്തെപ്പറ്റിയും മരണത്തെപ്പറ്റിയുമുള്ള കഥകളിലൂടെ ജനങ്ങളെ സ്വാധീനിച്ചു. | 23 | 22 |
| ബുദ്ധൻ കഥകൾ പറയുന്ന രീതിയുപയോഗിച്ച് മനുഷ്യരെ അവരുടെ ദുഃഖ ങ്ങളിൽ നിന്ന് മോചിപ്പിച്ചു | 19 | 5 |
| കഥ പറയുന്ന രീതി | 20 | 1 |
| നിർവ്വാണത്തിന്റെ ലോകം | 236 | 13 |
| എങ്ങനെ ബുദ്ധന്റെയും ധർമ്മത്തിന്റെയും സംഘത്തിന്റെയും അനുയായി ആകാം | 177 | 17 |
| എങ്ങനെ അറിവിനെ സംരക്ഷിക്കാം, മനസ്സിനെ ഏകാഗ്രതയിൽ നിർത്താം, എങ്ങനെ ധൈഷണികമായി പെരുമാറാം | 163 | 8 |
| എട്ട് ആര്യസത്യങ്ങളുടെ മാർഗ്ഗം | 166 | 6 |
| നിർവ്വാണത്തിന്റെ മറുകരയിൽ എത്തുന്നതിനുള്ള ആറ് മാർഗ്ഗങ്ങൾ | 168 | 7 |
| നാല് ശരിയായ രീതികൾ | 167 | 17 |

**ഗ്രന്ഥസൂചി**


| | പേജ് | വരി |
|---|---|---|
| വിചിന്തനം ചെയ്യേണ്ട നാലുകാര്യങ്ങൾ | 167 | 7 |
| നിർവ്വാണം സാധിക്കുന്നതിന് ആവശ്യമായ അഞ്ച് പ്രായോഗീക കഴിവുകൾ | 168 | 1 |
| അതിരുകൾ നിർണ്ണയിക്കാനാവത്ത നാല് മനസ്സിന്റെ അവസ്ഥകൾ | 171 | 11 |
| നാല് ആര്യസത്യങ്ങൾ മനസ്സിലാക്കുവാൻ പ്രാപ്തിയുള്ളവർ | 39 | 18 |
| മനുഷ്യന്റെ മരണവും ജീവന്റെ പുനരുദ്ധാനവും | 12 | 35 |
| ആര് അമിതാഭ ബുദ്ധന്റെ നാമം ജപിക്കുന്നുവൊ അവർ അദ്ദേഹത്തിന്റെ പരിശുദ്ധരാജ്യത്ത് പുനർജ്ജനിക്കുന്നു | 113 | 1 |
| നിന്നിൽ തന്നെ വിശ്വാസമുറപ്പിക്കുക്കയും ഒരുദീപമായി മാറുവാൻ ശ്രമിക്കുകയും ചെയ്യുക | 10 | 21 |


## മാനോനിയന്ത്രണ പരിശീലന രീതി


| | | |
|---|---|---|
| ഒരുവൻ അവന്റെ ജീവിതത്തിൽ ഏറ്റവും പ്രധാനമെന്ന് കരുതുന്ന കാര്യങ്ങൾ (കഥ) | 150 | 10 |
| ആദ്യപടിയായി ശ്രദ്ധിച്ചുചെയ്യേണ്ടകാര്യങ്ങൾ | 133 | 1 |
| നിങ്ങൾ തിരയുന്നകാര്യങ്ങൾ മറക്കാതിരിക്കുവാൻ (കഥ) | 152 | 7 |
| എന്തിലെങ്കിലും വിജയം കാണുന്നതിന് ഒരുവൻ സഹിക്കേണ്ടിവരുന്ന പ്രതിബന്ധങ്ങൾ (കഥ) | 158 | 17 |
| പ്രതിബന്ധങ്ങൾ തുടർച്ചയായി വന്നാലും ധൈര്യപൂർവ്വം മുന്നേറുക (കഥ) | 173 | 1 |
| അസന്തുലിതവും പ്രതികൂലവുമായ സാഹചര്യങ്ങളിൽ പോലും മനസ്സിനെ തളർത്തതെ മുന്നേറുക (കഥ) | 123 | 26 |
| ആര്യസത്യങ്ങളെ പിൻതുടരുകയെന്നത് ഇരുട്ടുനിറഞ്ഞ മുറിയിലേക്ക് വെളിച്ചവുമായി ചെല്ലുന്നതിനുതുല്യമാണ് | 40 | 15 |
| ഒരുവൻ മനുഷ്യജീവിതത്തെപ്പറ്റിയുള്ള ഉപദേശങ്ങൾ എവിടെയൊക്കെ പോകുന്നുവോ അവിടെയൊക്കെ ശ്രുവിക്കുന്നു(കഥ) | 161 | 18 |

| | പേജ് | വരി |
|---|---|---|
| മനുഷ്യർ അവരുടെ മനസ്സ് ഉദ്ദേശിക്കുന്ന ദിശയിലേക്ക് ചലിക്കുന്നു | 121 | 23 |
| ഉപദേശങ്ങളുടെ ഉദ്ദേശ്യം ഒരുവനെ അവന്റെ മനസ്സിനെ നിയന്ത്രണത്തിൽ നിർത്തുകയെന്നതാണ് | 11 | 24 |
| ആദ്യമായി നിന്റെ മനസ്സിനെ നിയന്ത്രിക്കുക | 212 | 1 |
| നീ മനസ്സിനെ നിയന്ത്രിക്കുകയാണെങ്കിൽ | 121 | 29 |
| മനസ്സിന്റെ വ്യത്യസ്ഥാവസ്ഥകൾ (കഥ) | 118 | 19 |
| മനസ്സെന്നാൽ അഹംഭാവമല്ല | 46 | 20 |
| മനസ്സ് നിന്നെ നിയന്ത്രിക്കാതിരിക്കുവാൻ ശ്രമിക്കുക | 10 | 26 |
| മനസ്സിനെ കീഴ്പ്പെടുത്തുക | 154 | 17 |
| മനസ്സിനെ നിയന്ത്രണത്തിന്റെ ചുക്കാൻ പിടിക്കുക | 11 | 32 |
| എല്ലാ തിന്മകളും ശരീരം, നാവ്, മനസ്സ് എന്നിവയിൽ നിന്ന് ഉത്ഭവിക്കുന്നു | 87 | 1 |
| മനസ്സും വാക്കുകളും തമ്മിലുള്ള ബന്ധം | 125 | 1 |
| ശരീരമെന്നാൽ കടമെടുത്ത ഒരു വസ്തുവിന് തുല്യമാണ്(കഥ) | 143 | 7 |
| ശരീരം വിവിധ അശുദ്ധവസ്തുക്കളുടെ ഇരിപ്പിടമാണ് | 130 | 25 |
| ഒന്നും ഒളിച്ചുവെക്കാതിരിക്കുക | 10 | 26 |
| മനസ്സും ശരീരവും വാക്കുകളും ശുദ്ധീകരിക്കുക | 123 | 10 |
| പക്ഷപാതം ചേരാതെ കഠിന പരിശ്രമം നടത്തുക | 172 | 13 |


## മനുഷ്യ ദുഃഖം


| | | |
|---|---|---|
| ബന്ധങ്ങളുടെ ബന്ധനങ്ങളിൽ നിന്ന് ദുഃഖം ആവിർഭവിക്കുന്നു. | 42 | 25 |
| ദുഃഖങ്ങളെ എങ്ങനെ നിയന്ത്രിക്കാം | 13 | 13 |
| മായയും അജ്ഞതയും നിർവ്വാണത്തിലെക്കുള്ള പാത ദുഷ്കരമാക്കുന്നു | 59 | 18 |
| എങ്ങനെ ദുഃഖങ്ങളിൽ നിന്ന് മോചനം തേടാം | 116 | 1 |

ഗ്രന്ഥസൂചി


| | പേജ് | വരി |
|---|---|---|
| എപ്പോൾ അജ്ഞാനമാകുന്ന എരിയുന്ന അഗ്നി അണയുന്നുവൊ അപ്പോൾ ജ്ഞാനമാകുന്ന പ്രകാശം ഉദയം ചെയ്യുന്നു | 141 | 25 |
| തൃഷ്ണയാണ് മായയുടെ ഉറവിടം | 85 | 17 |
| പൂക്കൾക്കിടയിൽ മറഞ്ഞിരിക്കുന്ന ഒരു പാമ്പിന് തുല്യമാണ് തൃഷ്ണ | 85 | 20 |
| കത്തിക്കൊണ്ടിരിക്കുന്ന ഒരു വീടിനോട് ബന്ധം ഉണ്ടാക്കാതിരിക്കുക (കഥ) | 19 | 16 |
| അത്യാഗ്രഹമാണ് തിന്മയുടെ ഉറവിടം | 118 | 9 |
| ഈ ലോകം കത്തിക്കൊണ്ടിരിക്കുന്ന അഗ്നിക്ക് തുല്യമാണ് | 82 | 23 |
| മനുഷ്യർ പണത്തിനും പ്രശസ്തിക്കും പുറകെ പോകുകയെന്നത് അവരവരെത്തന്നെ ദഹിപ്പിക്കുന്നതിന് തുല്യമാണ് | 119 | 12 |
| ഒരുവൻ ധനത്തിനും പ്രശസ്തിക്കും പിന്നലെ പോകുകയാണെങ്കിൽ അവൻ അവനെത്തന്നെ നശിപ്പിക്കും | 119 | 19 |
| ബുദ്ധിമാനായ മനുഷ്യനും വിഡ്ഢിയായവനും അവരുടെ അടിസ്ഥാന സ്വഭാവത്തിൽ വ്യത്യസ്തരാണ് | 134 | 1 |
| വിഡ്ഢികളായ മനുഷ്യർ അവരുടെ തിന്മകളെപ്പറ്റി ബൊധവാന്മാരല്ല (കഥ) | 141 | 1 |
| വിഡ്ഢികളായ മനുഷ്യർ മറ്റുള്ളവരുടെ ക്ഷേമത്തിൽ അസൂയാലുക്കളും ഫലം മാത്രം മുഖ്യമായി കാണുന്നവരുമാകുന്നു (കഥ) | 141 | 7 |
| വിഡ്ഢികൾ പിൻതുടരുന്ന വഴികൾ (കഥ) | 147 | 1 |


## നിത്യജീവിതം


| | | |
|---|---|---|
| ദക്ഷിണ നല്കുകയും അതുമറക്കുകയും ചെയ്യുക | 169 | 17 |
| ധനമില്ലാതെ നല്കാവുന്ന ഏഴ് ദാനങ്ങൾ | 170 | 3 |
| ധനം സമ്പാദിക്കുവാനുള്ള മാർഗ്ഗങ്ങൾ (കഥ) | 145 | 17 |
| എങ്ങനെ സന്തോഷം ഉണ്ടാക്കിയെടുക്കുവാൻ സാധിക്കും | 132 | 14 |
| ഉപകാരമായി ലഭിച്ച കരുണയെ മറക്കാതിരിക്കുക | 139 | 1 |

| | പേജ് | വരി |
|---|---|---|
| മനുഷ്യ സ്വഭാവത്തിലെ വ്യത്യസ്ഥതകൾ | 89 | 8 |
| പ്രതികാരാഗ്രഹം വെച്ചുപുലർത്തുന്നവരെ എപ്പോഴും ദൗർഭാഗ്യം പിൻതുടർന്നുകൊണ്ടിരിക്കും | 131 | 32 |
| എങ്ങനെ ദുഃഖഭാരം കുറച്ചെടുക്കാം (കഥ) | 231 | 1 |
| മറ്റുള്ളവരുടെ വിമർശനങ്ങളിൽ നിന്ന് എങ്ങനെ ഒഴിഞ്ഞ് മാറാം (കഥ) | 122 | 12 |
| നിങ്ങൾ ഭക്ഷണത്തിനും വസ്ത്രങ്ങൾക്കും സുഖസൗകര്യങ്ങൾക്കും വേണ്ടിമാത്രമല്ല ജീവിക്കുന്നത് | 205 | 9 |
| ഭക്ഷണവും വസ്ത്രങ്ങളും സുഖത്തിനും സന്തോഷത്തിനും വേണ്ടിയല്ല | 117 | 1 |
| ഭക്ഷണം കഴിക്കുമ്പോൾ നീ എന്താണ് ചിന്തിക്കുന്നത് | 207 | 24 |
| വസ്ത്രം ധരിക്കുമ്പോൾ നീ എന്താണ് ചിന്തിക്കുന്നത് | 207 | 4 |
| ഉറങ്ങാൻ പോകുന്നതിനു മുമ്പ് നീ എന്താണ് ചിന്തിക്കുന്നത് | 208 | 10 |
| ശീതകാലത്തിലും ഉഷ്ണകാലത്തിലും നീ എന്താണ് ചിന്തിക്കുന്നത് | 208 | 1 |
| എന്താണ് നീ നിന്റെ നിത്യജീവിതത്തെക്കുറിച്ച് ചിന്തിക്കുന്നത് | 206 | 11 |


## ധനതത്വശസ്ത്രം


| | | |
|---|---|---|
| വസ്തുക്കൾ ശരിയായ വിധത്തിൽ വിനയോഗിക്കണം (കഥ) | 220 | 22 |
| ഒരുവസ്തുവും എല്ലായ്പ്പോഴും ഒരുവന് നിത്യമായി സ്വന്തമല്ല | 220 | 8 |
| ഒരുവൻ അവന്റെ ഉപയോഗത്തിനു വേണ്ടി മാത്രം വസ്തുക്കൾ സ്വരൂപിച്ച് വയ്ക്കരുത് | 222 | 22 |
| എങ്ങനെ ധനം സമ്പാദിക്കാം (കഥ) | 145 | 17 |


## കുടുംബ ജീവിതം


| | | |
|---|---|---|
| കുടുംബത്തിലാണ് കുടുംബാംഗങ്ങളുടെ മനസ്സ് പരസ്പരം അടുത്ത് പരിചയപ്പെടുന്നത് | 218 | 1 |

| | പേജ് | വരി |
|---|---|---|
| കുടുംബ ഭദ്രതയെ നശിപ്പിക്കുന്ന കാര്യങ്ങൾ | 213 | 1 |
| തന്റെ മാതാപിതാക്കന്മാരോട് കടപ്പെട്ടിരിക്കുന്നകാര്യങ്ങൾ ഒരുവന് എങ്ങനെ മടക്കി നല്കാം | 217 | 30 |
| ഒരുവൻ തന്റെ മാതാപിതാക്കന്മാരോട് കടപ്പെട്ടിരിക്കുന്ന കാര്യങ്ങൾ എങ്ങനെ തിരിച്ച് നല്കാം | 213 | 21 |
| ഭാര്യയും ഭർത്താവും തമ്മിലുള്ള വ്യവഹാര രീതികൾ | 214 | 10 |
| ഭാര്യയും ഭർത്താവും ഒരേ വിശ്വാസ പ്രമാണങ്ങളുള്ളവരായിരിക്കണം (കഥ) | 221 | 22 |


## ത്യാഗത്തിന്റെ വഴികൾ


| | | |
|---|---|---|
| ഒരുവൻ മന്ത്രങ്ങളും സൂത്രങ്ങളും മാത്രം ഉരുവിടുന്നതുകൊണ്ടും ഭിക്ഷുവിന്റെ വേഷം ധരിക്കുന്നതുകൊണ്ടും മാത്രം ഭിക്ഷുവായിത്തിരുന്നില്ല | 197 | 6 |
| ഭിക്ഷു ഒരിക്കലും ഒരു വിഹാരത്തിന്റെയോ അമ്പലത്തിന്റെയോ അവകാശികളോ അതിന്റെ അധികാരികളോ ആയിരിക്കുകയില്ല | 194 | 1 |
| കുബുദ്ധിയുള്ള മനുഷ്യന് യഥാർത്ഥ ഭിക്ഷുവാകുവാൻ സാധിക്കുകയില്ല | 194 | 9 |
| ഒരു ഭിക്ഷു പിൻതുടരേണ്ട മാർഗ്ഗങ്ങൾ | 196 | 6 |


## സമൂഹ ജീവിതം


| | | |
|---|---|---|
| സമൂഹജീവിതത്തിന്റെ വഴികൾ | 226 | 10 |
| സമൂഹത്തിന്റെ യഥാർത്ഥ അവസ്ഥകൾ | 96 | 23 |
| മൂന്നുവിധത്തിലുള്ള സ്ഥാപനങ്ങൾ | 226 | 16 |
| ശരിയായ സമൂഹജീവിതം | 227 | 7 |

| | ഗ്രന്ഥസൂചി | |
|---|---|---|
| | പേജ് | വരി |
| ഇരുളിനെ നീക്കുന്ന സൂര്യപ്രകാശം | 225 | 7 |
| മനുഷ്യബന്ധങ്ങളിലുള്ള ഒത്തൊരുമ | 227 | 23 |
| സാമൂഹ്യ ജീവിതത്തെയും ഒത്തൊരുമയെയും സമൂലം ബന്ധിപ്പിക്കുന്ന കാര്യങ്ങൾ | 229 | 1 |
| സാഹോദര്യത്തിന്റെ ഉത്തമ ഉദാഹരണങ്ങൾ | 228 | 5 |
| ബുദ്ധന്റെ അനുയായികൾ അനുസരിക്കേണ്ടുന്ന സാമൂഹ്യമര്യാദകൾ | 236 | 1 |
| പ്രകൃതിയുടെ നിയമങ്ങളെ മാറ്റുവാൻ ശ്രമിക്കുന്നവർ അവരുടെ നാശത്തിൽ തന്നെ അവസാനിക്കുന്നു. (കഥ) | 140 | 1 |
| അസൂയാലുക്കളും മറ്റുള്ളവരെ ശല്യപ്പെടുത്തുന്നവരുമായ മനുഷ്യർ സ്വയം നശിക്കുന്നു(കഥ) | 140 | 1 |
| വയസ്സായവരെ ബഹുമാനിക്കുക (കഥ) | 134 | 22 |
| ഒരു വിദ്ധ്യാർത്ഥി എങ്ങനെ തന്റെ ഗുരുക്കന്മാരോട് പെരുമാറണം അതുപോലെ ഗുരുക്കന്മാർ എങ്ങനെ ശിഷ്യന്മാരോട് പെരുമാറണം | 214 | 4 |
| സൗഹൃദത്തിന്റെ നിയമങ്ങൾ | 214 | 28 |
| എങ്ങനെ നല്ല സുഹൃത്തുക്കളെ തിരഞ്ഞെടുക്കാം | 216 | 28 |
| ഒരു ഭൃത്യനും അവന്റെ യജമാനനും എങ്ങനെ പരസ്പരം പെരുമാറണം | 215 | 23 |
| കുറ്റവാളികളോടുള്ള വീക്ഷണം | 223 | 4 |
| ധർമ്മം പഠിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ | 199 | 1 |

# സംസ്കൃത പദങ്ങൾ

## അനാത്മൻ (അഹങ്കാരമില്ലാത്ത അവസ്ഥ)

ബുദ്ധധോപദേശങ്ങളുടെയും തത്വശാസ്ത്രത്തിന്റെയും അടിസ്ഥാന പ്രമാണങ്ങളിലൊന്നായ ഈ തത്വം ഈ ലോകത്തിലുള്ള എല്ലാ പ്രതിഭാസങ്ങളും വസ്തുക്കളും, പരമമായി എന്തെങ്കിലും യഥാർത്ഥത്തെ ആധാരപ്പെടുത്തിയല്ല നില കൊള്ളുന്നത് എന്ന ആശയത്തെയാണ് സൂചിപ്പിക്കുന്നത്. ഇങ്ങനെയൊരു ആശയം ബുദ്ധതത്വചിന്തയിൽ വരുന്നത് സ്വാഭാവികം മാത്രമാണ് എന്തെന്നാൽ അത് എല്ലാത്തിന്റെയും അടിസ്ഥാനം അനിത്യതയിൽ നിന്നാണെന്ന് പഠിപ്പിക്കുന്നു. അങ്ങനെയൊരു അനിത്യമായ അവസ്ഥ എന്തെങ്കിലും നിത്യമായ വസ്തുതയിൽ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നുവെന്ന് വിവക്ഷിയ്ക്കുവാൻ സാധിക്കുകയില്ല. അനാത്മനെ ആത്മാവ് ഇല്ലാത്ത അവസ്ഥയെന്ന് വിവക്ഷിക്കുവാൻ സാധിക്കും.

## അനിത്യം
## (മാറ്റങ്ങൾക്ക് വിധേയമാകുക അല്ലെങ്കിൽ നിത്യമല്ലാത്ത അവസ്ഥ)

ഇത് ബുദ്ധതത്വചിന്തയിലെ മറ്റൊരു പ്രധാന ആശയമാണ്. ഈ ലോകത്തിൽ കാണുന്ന എല്ലാവസ്തുക്കളും പ്രതിഭാസങ്ങളും എല്ലായ്പ്പോഴും മാറിക്കൊണ്ടിരിക്കുന്നു, ഒന്നും ഒരു നിമിഷംപോലും നിത്യമായി നിലനിൽകുന്നില്ല. എല്ലാം ഭാവിയിലൊരിക്കൽ നാശത്തെ പ്രാപിക്കണം ആ ഒരു കാരണം തന്നെയാണ് എല്ലാ ദുഃഖങ്ങൾക്കും കാരണം. ഇത് ഒരിക്കലും ശൂന്യതയുടെ വെളിച്ചത്തിലോ അശുഭാപ്തിനിറഞ്ഞ ചിന്താരീതിയിലോ മാത്രം മനസ്സിലാക്കുവാൻ ശ്രമിക്കരുത് കാരണം ജനനവും പുരോഗതിയും മാറ്റങ്ങളെ ആധാരപ്പെടുത്തിയെ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു.

## ബോധിസത്തമൻ (ജ്ഞാനപ്രാപ്തിക്കായി ശ്രമിക്കുന്നവൻ)

യഥാർത്ഥത്തിൽ ഈ നാമം ജ്ഞാനവും നിർവ്വാണവും പ്രാപിക്കുന്നതിനു മുമ്പിലുള്ള ഗൗതമ സിദ്ധാർത്ഥനെയാണ് വിവക്ഷിക്കുന്നത്. എന്നാൽ മഹായാന ബുദ്ധമതത്തിന്റെ പ്രചാരണത്തിനുശേഷം ആര് ബുദ്ധവും, ബോധവും, ജ്ഞാനവും പ്രാപിക്കുന്നതിന് ശ്രമിക്കുന്നുവോ അവനെ ഈപേരിൽ അറിയപ്പെടുവാൻ തുടങ്ങി. അങ്ങനെ ഒരുവൻ തന്റെ ജ്ഞാനപ്രാപ്തിക്കുവേണ്ടി ശ്രമിക്കുന്നതിനോടൊപ്പം മറ്റുള്ളവരെ അവരുടെ ഉദ്യമങ്ങളിൽ സഹായിക്കുവാനും ശ്രമിക്കുകയാണെങ്കിൽ അത്തരം വ്യക്തികളെ സാധാരണയായി ബോധിസത്തമൻ എന്ന നാമത്തിൽ അറിയപ്പെടുവാൻ തുടങ്ങി. അവലോകിതേശ്വരാ, ക്ഷിതിഗർഭാ, മഞ്ചുശ്രീ തുടങ്ങിയ ബോധിസത്തമന്മാർ ബുദ്ധചരിത്രത്തിൽ പ്രധാന സ്ഥാനം വഹിക്കുന്നു.

## ബുദ്ധൻ (നിർവ്വാണം പ്രാപിച്ചവൻ)

സാധാരണയായി ബുദ്ധമതത്തിന്റെ സ്ഥാപകനായ ഗൗതമ സിദ്ധാർത്ഥൻ (മുനി) ആണ് ഈ പേരിൽ അറിയപ്പെടുന്നത്. അദ്ദേഹമണ് 2500 വർഷങ്ങൾക്ക് മുമ്പ് മുപ്പത്തിയഞ്ചാം വയസ്സിൽ നിർവ്വാണം സിദ്ധിച്ച് ബുദ്ധനായി തീരുകയും തുടർന്ന് ആ പേരിൽ അറിയപ്പെടുകയും ചെയ്തത്. എന്നാൽ എല്ലാ ബുദ്ധമത വിശ്വാസികളും അവരുടെ വിശ്വാസ പന്ഥാവ് എന്തായിരുന്നാലും അത്യന്തമായി

ബുദ്ധം പ്രാപിക്കുവാനാണ് ശ്രമിക്കുന്നത്. ഈ ഉദ്യമത്തിലേക്കുള്ള രീതികളുടെ വ്യത്യാസം മൂലം വ്യത്യസ്ഥങ്ങളായ ശാഖകളും പിരിവുകളും ഈ മതത്തിൽ ഉടലെടുത്തു. ഉദാഹരണമായി മഹായാന പാരമ്പര്യത്തിൽ, ചരിത്ര പുരുഷനായ ശാക്യമുനി ബുദ്ധനെക്കൂടാതെ മറ്റു പല ബുദ്ധന്മാരെയും ആരാധിച്ചുവരുന്നു: അമിതാഭ, മഹാവൈരോചന, ഭൈഷാജ്യഗുരു, തുടങ്ങിയ ആരാധനാ മൂർത്തികൾ ബുദ്ധോപദേശങ്ങളുടെ വിധാതാക്കളായി കണക്കാക്കപ്പെടുന്നു.
'പരിശുദ്ധരാജ്യം' (പ്യൂർലാണ്ട്) എന്ന ബുദ്ധമത ശാഖയുടെ വിപുലമായ പ്രചാരണം മൂലം മരിച്ചവരെല്ലാവരും ബുദ്ധന്റെ പരിശുദ്ധരാജ്യത്ത് ജനിക്കുന്നുവെന്ന ആശയത്തെ മുൻനിർത്തി, ഇഹലോകവാസം വെടിഞ്ഞ എല്ലാവരെയും ബുദ്ധനായി (ജാപ്പനീസ്: ഹൊട്ടോക്കെ) കണക്കാക്കുന്നു.

## ധർമ്മം (സത്യോപദേശങ്ങൾ)

ധർമ്മം എന്ന പദത്തിന് പല വ്യാഖ്യാനങ്ങളും ബുദ്ധമതത്തിലുണ്ടെങ്കിലും, ഭഗവാൻ ബുദ്ധൻ പഠിപ്പിച്ച ബുദ്ധോപദേശങ്ങളെയാണ് ധർമ്മം എന്നതുകൊണ്ട് സാധാരണയായി അർത്ഥമാക്കുന്നത്. അതിനെ മൂന്നുവിധത്തിലുള്ള ആധികാരികഗ്രന്ഥങ്ങളായി തിരിക്കാം: സൂത്രങ്ങൾ (പാലി: നികായ), ഭഗവാൻ ബുദ്ധൻ നേരിട്ട് നൽകിയിട്ടുള്ള ഉപദേശങ്ങൾ; വിനയ, ബുദ്ധൻ ഉപദേശിച്ച പരിശീലന മാർഗ്ഗങ്ങളും ശിക്ഷണങ്ങളും; അഭിധർമ്മ, സൂത്രങ്ങളെയും വിനയങ്ങളെയും ആധാരപ്പെടുത്തി ബുദ്ധസൈദ്ധാന്തികന്മാർ നടത്തിയിട്ടുള്ള വിമർശങ്ങളും പഠനങ്ങളും. ഈ മൂന്ന് ഗ്രന്ഥസമുച്ചയങ്ങളെയും ചേർത്ത് ത്രിപിടക എന്ന് വിളിക്കപ്പെടുന്നു. മാത്രമല്ല ധർമ്മം എന്നത് ബുദ്ധമതത്തിലെ മൂന്ന് അമൂല്യ നിധികളിൽ ഒന്നായി കണക്കാക്കുന്നു.

## കർമ്മം (പ്രവൃത്തി)

ഈ വാക്കിന്റെ അർത്ഥം 'പ്രവൃത്തി' യെന്നാണെങ്കിലും കാര്യകാരണ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ അതിനെ മുൻകാലപ്രവർത്തികളിൽ നിന്നും ഒരുവനാർജ്ജിച്ച ക്ഷമതയെയോ ക്ഷീണത്തെയോ സൂചിപ്പിക്കുന്നു. അത്, നമ്മുടെ ഒരോപ്രവൃർത്തിയും, പ്രവർത്തന രീതിയെ അടിസ്ഥാനപ്പെടുത്തി-നന്മയോ തിന്മയോ- അല്ലെങ്കിൽ - സുഖദായമോ ദുഖദായകമോ- എന്ന നിലയിൽ ഒരുവന്റെ ഭാവിയെ രൂപപ്പെടുത്തിയെടുക്കുവാൻ സാധിക്കും. അതിനർത്ഥം നല്ല പ്രവൃർത്തികൾ തുടരുകയാണെങ്കിൽ നന്മ സ്വരൂപിക്കപ്പെടുകയും അത് ഭാവിയിൽ ഒരു ഊർജ്ജമായി ഒരുവന്റെ ജീവിതത്തെ സ്വാധീനിക്കും എന്നും; തിന്മ അതുപോലെ ഒരു ഊർജ്ജമായി അവന്റെ ജീവിതത്തെ അധീനപ്പെടുത്തുകയും ചെയ്യുന്നു. കർമ്മം മൂന്നുവിധത്തിലുണ്ട്: ശാരീരികമായത്, വാക്കുകളിൽ അധിഷ്ഠിതമായത്, മാനസികമായത്.

## മഹായാന (മഹത്തായ മാർഗ്ഗധാര)

ബുദ്ധമതത്തിന്റെ ചരിത്രത്തിൽ രണ്ട് മുഖ്യധാരകളാണുള്ളത്: മഹായാനവും, ഹീനയാനം അല്ലെങ്കിൽ തേരവാദവും. മഹായാനപ്രസ്ഥാനത്തിലധിഷ്ഠിതമായ ബുദ്ധമതം, തിബത്ത്, ചൈന, കൊറിയ, ജപ്പാൻ എന്നീ നാടുകളിൽ പ്രബലമായിരിക്കുമ്പോൾ; തേരവാദം, മിയന്മാർ, ശ്രീലങ്ക, തായ്‌ലാണ്ട് തുടങ്ങിയ സ്ഥലങ്ങളിലാണ് പ്രചാരത്തിലുള്ളത്. മഹായാനം എന്നവാക്കിന്റെ അർത്ഥം '' മഹത്തായ മാർഗ്ഗദർശനം'' അല്ലെങ്കിൽ ''മഹത്തായ പ്രസ്ഥാനം'' എന്നിങ്ങനെയാണ്. അതിന്റെ താത്ത്വികാർത്ഥം അതിന്, എല്ലാ ജീവജാലങ്ങളെയും അവയുടെ ജീവിതദുഃഖത്തിൽ നിന്ന് രക്ഷിക്കുവാനും, ഉത്തമപാതയിൽ നയിക്കുവാനും ആത്യന്തികമായി എല്ലാറ്റിനും നിർവ്വാണം അല്ലെങ്കിൽ ജ്ഞാനം പ്രാപിക്കുവാനും സാധിക്കും എന്നാണ്.

## നിർവ്വാണം (പരമമായ ശാന്തത)

ഈ വാക്കിന്റെ വാക്യാർത്ഥം '' ഊതിക്കെടുത്തുക'' യെന്നാണ്. ശരിയായ ജ്ഞാനത്തിന്റെ സഹായത്താൽ ഒരുവൻ അവന്റെ മനസ്സിൽ കുടികൊള്ളുന്ന അശുദ്ധതയെയും, അമിതാഗ്രഹങ്ങളെയും, അജ്ഞതയെയും ധ്യാനത്തിലധിഷ്ഠിതമായ ആത്മപരിശോധനയിലൂടെ ഊതിക്കെടുത്തുന്നതിനെയാണ്. ഈ നിലപ്രാപിക്കുന്നവരെ ബുദ്ധംസിദ്ധിച്ചവർ എന്ന് വിളിക്കുന്നു. മുപ്പത്തഞ്ചാം വയസ്സിൽ ഗൗതമബുദ്ധന് ഈ അവസ്ഥ സിദ്ധിച്ചു. എന്നാൽ തത്വജ്ഞാനികളുടെ അഭിപ്രായത്തിൽ നിർവ്വാണം ശ്രീബുദ്ധന് സിദ്ധിച്ചത് അദ്ദേഹത്തിന്റെ മരണശേഷമാണെന്നാണ്, കാരണം മനുഷ്യനെന്ന നിലയിൽ അല്പമെങ്കിലും അജ്ഞതയോ, ആഗ്രഹങ്ങളോ, വൈകല്യങ്ങളോ മനുഷ്യ ശരീരത്തിൽ മരണം വരെ അവശേഷിക്കും.

## പാലി (-ഭാഷ)

ബുദ്ധമതത്തിന്റെ തേരവാദ ശാഖയിൽ ഉപയോഗിക്കുന്ന ഭാഷ പാലിയാണ്. ഏറ്റവും പുരാതനമായ ബുദ്ധമതഗ്രന്ഥങ്ങൾ പാലിഭാക്ഷയിലാണ് എഴുതപ്പെട്ടിട്ടുള്ളത്. ഈ ഭാഷ സംസ്കൃതത്തിന്റെ ഒരുരൂപമായ 'പ്രാകൃത്' ഭാഷയുമായി ബന്ധമുള്ളതുകൊണ്ട് 'പാലി' യും 'സംസ്കൃതം' വുമായി വലിയ വ്യത്യാസമൊന്നുമില്ല: 'ധർമ്മ' എന്ന സംസകൃത പദം 'ധമ്മ' യെന്ന് പാലിയിലും; ' നിർവ്വാണ' യെന്നത് ' 'നിബ്ബാന' എന്ന് പാലിയിൽ മാറിവരുന്നു.

## പാരമിതാ (മറുകരയിലെക്ക് പോകുക)

'മറുകരയിലേക്ക് പോകുക' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ബുദ്ധരാജ്യത്തിൽ, വിവിധ പരിശീലനങ്ങളുടെയും ബുദ്ധമതചര്യയുടെയും സഹായത്താൽ, പ്രവേശിക്കുകയെന്നതാണ്. സാധാരണയായി ആറ് ശീലന രീതികളുടെ സഹായത്താൽ ഒരുവന് ജീവിതത്തിലെ സുഖദുഃഖങ്ങളിൽ നിന്നും, ജനന മരണങ്ങളിൽ നിന്നും നിർവ്വാണമാകുന്ന മറു തീരത്തിൽ എത്തിച്ചേരുന്നതിന് സാധിക്കും, അവ: ദാനം, ക്ഷമ, പരിശ്രമം, ഏകാഗ്രത, മനഃശുദ്ധി, ശരിയായ നിർണ്ണയം (പ്രജ്ഞ) എന്നിവയാണ്. ജപ്പാനിലെ പരമ്പരാഗതമായ വസന്തകാലത്തിലെ 'ഹിഗാൻ' ആഴ്ചകൾ ബുദ്ധമതത്തിലെ ഈ വിശ്വാസത്തെ ആധാരപ്പെടുത്തിയാണ് ആചരിക്കുന്നത്.

## പ്രജ്ഞ

പ്രജ്ഞയെന്നത് പാരമിതകളിൽ ഏറ്റവും പ്രധാനമായ അംഗമാണ്. ഇത് മനസ്സിന്റെ ഒരു പ്രവർത്തനാവസ്ഥയാണ്, അതിലൂടെ ഒരുവന് തന്റെ ജീവിതത്തെ തെറ്റുകളിൽ നിന്ന് വിമുക്തമാക്കുവാനും, അസത്യത്തെയും സത്യത്തെയും വേർതിരിച്ച് മനസ്സിലാക്കുവാനും സാധിക്കും. ഈ അമൂല്യ ആത്മീയ സിദ്ധി പൂർണ്ണമായും നേടിയ വ്യക്തി ബുദ്ധനായി കണക്കാക്കപ്പെടുന്നു. അതുകൊണ്ടുതന്നെ ഇതിനെ ഏറ്റവും പരമവും ശ്രേയസ്സുറ്റതുമായ ജ്ഞാനമായാണ് ബുദ്ധദർശനത്തിൽ കണക്കാക്കപ്പെടുന്നത്. ഇത് സാധാരണ ബുദ്ധിയിൽ നിന്നും വിവേകത്തിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ്.

## സംഘം (ബുദ്ധാനുയായികളുടെ സഹോദരസംഘം)

ഈ സഹോദര സംഘത്തിൽ ഭിക്ഷുക്കൾ, ഭിക്ഷുണികൾ, സാധാരണ പുരുഷന്മാരും സ്ത്രീകളും ഉൾപ്പെടുന്നു. ആദ്യകാലങ്ങളിൽ ഇതിൽ ഭിക്ഷുക്കളും ഭിക്ഷുണികളും മാത്രമെ ഉൾപ്പെട്ടിരുന്നുള്ളു. എന്നാൽ മഹായാന പ്രസ്ഥാനം തുടങ്ങിയകാലത്ത് ബോധിസത്തമന്മാരായി നിർവ്വാണം പ്രപിക്കുവാൻ ആഗ്രഹിക്കുന്നവരെല്ലാം സന്യാസികളെന്നോ സാധാരണക്കാരേന്നോ ഉള്ള ഭേദമില്ലാതെ ഈ സംഘത്തിൽ ചേർന്നു. ഈ സംഗമത്തിനെ ബുദ്ധമതത്തിന്റെ മൂന്ന് അമൂല്യ നിധികളിലൊന്നായി കണക്കാക്കപ്പെടുന്നു.

## സംസ്കൃതം (-ഭാഷ)

ഭാരതത്തിന്റെ പ്രാചീന സാഹിത്യ ദാർശനത്തിലും സാഹിത്യത്തിലും പ്രധാനമായി ഉപയോഗിച്ചിരുന്ന ഭാഷ്. ഈ ഭാഷ് ഇൻഡൊ-യൂറോപ്യൻ ഭാഷാകുടുംബത്തിലെ ഒരു ഭാഷയായി ഭാഷാ പണ്ഡിതന്മാർ കണക്കാക്കുന്നു. സംസകൃതത്തെ വേദങ്ങളിൽ ഉപയോഗിക്കുന്ന സംസ്കൃതമെന്നും പരമ്പരാഗത സാഹിത്യത്തിൽ ഉപയോഗിക്കുന്ന സംസ്കൃതമെന്നും രണ്ടായി തിരിച്ചിട്ടുണ്ട്. മഹായാന പാരമ്പര്യത്തിലുള്ള ഗ്രന്ഥങ്ങൾ ഈ ഭാഷയിലാണ് നിർവ്വഹിച്ചിട്ടുള്ളത്, ആ ഭാഷ രീതിയെ ബൗദ്ധ പാരമ്പര്യത്തിലുള്ള സംസ്കൃത ഭാഷയെന്ന് നിർവ്വചിച്ചിരിക്കുന്നു.

## സംസാരം (പുനർ ജനനം)

ഭൂതത്തിൽ നിന്ന് വർത്തമാനത്തിലേയ്ക്കും ഭാവിയിലേയ്ക്കുമുള്ള തുടർച്ചയായ ജനനത്തിന്റെയും മരണത്തിന്റെയും പുനർഗമനത്തെ സൂചിപ്പിക്കുന്നു, അത് ആറ് മായകളുടെ ഇടയിലൂടെ കടന്നു പോകുന്നു: നരകം, ദുരാഗ്രഹികളായ സാത്താന്മാർ, മൃഗങ്ങൾ, അസുരന്മാർ, മനുഷ്യൻ, സ്വർഗ്ഗം തുടങ്ങിയവയാണ്. ജ്ഞാനം സിദ്ധിക്കാതെ ഒരുവന് ഇവയുടെ സ്വാധീനത്തിൽ നിന്ന് പൂർണ്ണ രക്ഷപ്രാപിക്കുവാൻ സാധിക്കുകയില്ല. ആര് സംസാരത്തിന്റെ സ്വാധീനത്തിൽനിന്ന് മോചിതരായിരിക്കുന്നുവോ അവരെ ബുദ്ധൻ എന്ന് വിളിക്കുന്നു.

## ശൂന്യത (അടിസ്ഥാന രാഹിത്യത്വം)

ഇത് ബുദ്ധതത്വചിന്തയുടെ അടിസ്ഥാന ആശയങ്ങളിലൊന്നാണ്. ഇത് ഭൂമിയിലുള്ള എല്ലാ പ്രതിഭാസങ്ങളും വസ്തു അവസ്ഥയിലോ നിത്യമായ അവസ്ഥയിലോ നിലനിൽക്കുന്നില്ല എന്ന ചിന്തയെ ആധാരപ്പെടുത്തിയിട്ടുള്ള ആശയമാണ്; ഇതിനെ പിൻതാങ്ങുന്ന ഒരു ആശയം എല്ലാവസ്തുക്കളെയും ചൂഴ്ന്ന് ഒരു കാര്യകാരണ വ്യവസ്ഥിതിയുണ്ടെന്നും അതിനാൽ ഒരു അടിസ്ഥാനമായ അവസ്ഥ ഭൂമിയിലുള്ള വസ്തുക്കളെ പിൻതാങ്ങുന്നില്ല. അതിനാൽ ഒരിക്കലും എല്ലാവസ്തുക്കളെയും ആധാരപ്പെടുത്തി ഒരു അവസ്ഥ നിലനിൽകുന്നുവെന്നോ അല്ലെങ്കിൽ നിലനില്കുന്നില്ലയെന്നോ എന്ന വാദത്തിന് അധികപ്രസക്തിയില്ല. എല്ലാം മനുഷികമായതോ അല്ലെങ്കിൽ അല്ലാത്തതോ ആയ എല്ലാം ഒന്നിനൊടൊന്ന് തുലനപ്പെടുത്തി മനസ്സിലാക്കുന്നതായിരിക്കും അഭികാമ്യം. അതുകൊണ്ട് അങ്ങനെയുള്ള ഒരു ധാരണയെ ഭംഗപ്പെടുത്തിയെക്കാവുന്ന നിത്യമായതും നാശമില്ലാത്തതുമായ ഒരവസ്ഥ ഇല്ലെന്ന വാദമാണ് കൂടുതൽ അഭികാമ്യം. ഈ അടിസ്ഥാന തത്വമാണ് മഹായാന പ്രസ്ഥാനത്തിലെ പ്രജ്ഞയെ സംബന്ധിക്കുന്ന പുസ്തകങ്ങളിൽ കാണുന്നത്. പ്രജ്ഞയാണ് ശൂന്യതയെ വെളിവാക്കുന്ന അറിവിന്റെ വെളിച്ചം.

## സൂത്രങ്ങൾ (മൂല ഗ്രന്ഥങ്ങൾ)

ശ്രീ ബുദ്ധൻ നല്കിയ ഉപദേശങ്ങളുടെ ഗ്രന്ഥരൂപം. ഈ വാക്കിന്റെ അർത്ഥം 'നൂൽ' എന്നാണ്: ശാസ്ത്രസംബന്ധിയായോ മത സംബന്ധിയായോ ഉള്ള വലിയ പഠനങ്ങളുടെയും നിരീക്ഷണങ്ങളുടെയും ഒരു വലിയ ശേഖരമെന്നാണ് ഈ പദംകൊണ്ടുദ്ദേശിക്കുന്നത്.

## തേരവാദം ( മുതിർന്നവരുടെ ഭാഷണവാദം)

ബുദ്ധമതത്തിന്റെയും തത്വശാസ്ത്രത്തിന്റെയും തെക്കൻ പാരമ്പര്യത്തെ പ്രതിനിധാനം ചെയ്യുന്നവരെ 'തേര' എന്നനാമത്തിൽ വിളിക്കുന്നു. 'തേര' എന്ന പദത്തിന്റെ അർത്ഥം മുതിർന്നവർ എന്നാണ്. ഈ വിഭാഗത്തിൽപ്പെടുന്ന ഭിക്ഷുക്കൾ ബുദ്ധപാരമ്പര്യത്തെയും അടിസ്ഥാന പ്രമാണങ്ങളെയും മുറുകെപ്പിടിക്കുകയും, തിരുത്തൽ വാദികളായ മറ്റു വിഭാവങ്ങളെ നിശിതമായി വിമർശിക്കുകയും ചെയ്യുന്നു (പിൽക്കാലത്ത് പ്രബലമായ മഹായാന പ്രസ്ഥാനം ഈ മുതിർന്നവരുടെ വാദമുഖങ്ങളെ എതിർത്തവരുടെ ഒരു ശാഖയായി വളർന്നുവന്നതാണ്. അതിനെ വടക്കൻ സംമ്പ്രദായം എന്ന് വിളിക്കുന്നു). ഇത്തരം പ്രതിവാദ മുഖങ്ങൾ ശ്രീ ബുദ്ധന്റെ തിരോധനത്തിന് വളരെ കുറച്ചുകാലത്തിനപ്പുറം ബുദ്ധമതത്തിൽ ആരംഭിച്ചതാണ്. അത് മഹാദേവൻ എന്ന പുരോഗമനവാദിയായ ഭിക്ഷു, ബുദ്ധതത്വചിന്തയിലെ അടിസ്ഥാന പ്രമാണങ്ങളിലൊന്നായ പഞ്ചസ്കന്ധങ്ങളുടെ വിവരണത്തിൽ സ്വതന്ത്രമായ രീതി വേണമെന്ന് ആവശ്യപ്പെട്ടതിന് ശേഷം ആരംഭിച്ചതാണ്. ഈ ആശയം ബുദ്ധതത്വചിന്തകന്മാരെ തേരവാദികളെന്നും മഹാസംഘികളെന്നും രണ്ടായി പിരിക്കുകയും, പിന്നീട് മഹാസംഘികളുടെ ആശത്തെ പിൻതുടർന്ന് മഹായാന പ്രസ്ഥാനം ഉടലെടുക്കുകയും ചെയ്തു.

## ത്രിപിടക (മൂന്ന് മുഖവുരകൾ)

ബുദ്ധമതഗ്രന്ഥങ്ങളുടെ മൂന്ന് സമുച്ചയങ്ങളെ ഈ വാക്ക് സൂചിപ്പിക്കുന്നു. അവ: സൂത്രങ്ങൾ, ബുദ്ധന്റെ പ്രധാന ഉപദേശങ്ങൾ; വിനയം, സംഘാംങ്ങൾക്ക് നല്കിയ ശിക്ഷണങ്ങൾ; അഭിധർമ്മം, ഉപദേശങ്ങളെയും ശിക്ഷണങ്ങളെയും ആധാരപ്പെടുത്തിയുള്ള വിവിധങ്ങളായ നിർവ്വചനങ്ങളും വ്യാഖ്യാനങ്ങളും അവ നൽകുന്ന ഉപന്യാസങ്ങളുടെയും പഠനങ്ങളുടെയും ശേഖരം. പിൽക്കാലത്ത് ചൈനാക്കാരും ജപ്പാൻകരുമായ പുരോഹിതന്മാരുടെയും മറ്റും പഠനങ്ങളും വ്യാഖ്യാനങ്ങളും ഈ ഗണത്തിൽ പെടുത്തിയിട്ടുണ്ട്.

## 'സോസൈറ്റി ഫോർ ദി പ്രൊമോഷൻ ഓഫ് ബുദ്ധിസം'

## "ശ്രീ ബുദ്ധൻ അരുളിയ സാരോപദേശത്തിന്റെ" പ്രചാരണം

'സോസൈറ്റി ഫോർ ദി പ്രൊമോഷൻ ഓഫ് ബുദ്ധിസം' എന്ന സംഘടനയെപ്പറ്റി സംസാരിക്കുമ്പോൾ ജപ്പാനിലെ ഒരു പ്രധാന വ്യാപാര വ്യവസായ 'മിറ്റുതൊയൊ കോർപ്പറേഷനും' അതിന്റെ സ്ഥാപകനായ ശ്രീ യേഹാൻ നുമാത്തടെയും പേരുകൾ പ്രത്യേകം എടുത്തു പറയണം.

ശ്രീ യേഹാൻ നുമാത്ത 1934-ൽ പ്രിസിഷൻ മെഷറിംഗ് ഉപകരണങ്ങൾ ഉണ്ടാക്കുന്നതിനായി ഒരു സ്ഥാപനം ആരംഭിക്കുകയും സ്തുത്യർഹമായ രീതിയിൽ വിജയകരമായി അതിന്റെ പ്രവർത്തനം പുരോഗമിപ്പിക്കുയും ചെയ്തു. അദ്ദേഹത്തിന്റെ ആശയ പ്രകാരം ഒരു സ്ഥാപനം അതിന്റെ ഉന്നതിയിലെത്തണമെങ്കിൽ മനുഷ്യനും, ജീവചൈതന്യവും, ഭൗമവസ്തുക്കളും ഒരുമയോടുകൂടി ശ്രമിച്ചെങ്കിൽ മാത്രമെ സാധ്യമാകൂ. അതുപോലെതന്നെ, എല്ലാറ്റിനും നാന്ദിയായ മനുഷ്യമനസ്സ് അതിന്റെ ഉത്തമ ക്ഷമത പ്രാപിക്കുന്നത് പ്രജ്ഞ, കാരുണ്യം ധൈര്യം എന്നീമൂല്യങ്ങളെ ആന്തരിക ചോദനയായി ഉൾക്കൊള്ളുമ്പോഴാണ്. അദ്ദേഹം തന്നാലാവുന്നവിധത്തിൽ തന്റെ പ്രവർത്തന മേഖലയായ വ്യവസായവും, തന്റെ ജീവിതദർശനങ്ങളും അതിന്റൊഅത്യന്തികലക്ഷ്യത്തെ പ്രാപിക്കുന്നതിന് വേണ്ടുന്നതൊക്കെ ചെയ്തു.

ആദ്ദേഹം തന്റെ വീക്ഷണങ്ങൾക്ക് നാന്ദിയായ ബുദ്ധദർശനത്തിനും ചിന്താപദ്ധതിക്കും മനുഷ്യമനസ്സിനെ അജ്ഞതയാകുന്ന മറനീക്കി ചൈതന്യവൽകരിക്കുവാനുള്ള അനിതര സാധാരണമായ കഴിവിനെക്കുറിച്ച് മനസ്സിലാക്കുകയും. അതിലേക്കായിട്ട് ആദ്ദേഹം തന്റെ വ്യവസായോദ്യമത്തിനോടനുബന്ധിച്ച് ആധുനികലോകത്തിൽ ബുദ്ധോപദേശങ്ങളുടെയും, ബൗദ്ധസംഗീതത്തിന്റെയും, ചിത്രങ്ങളുടേയും പ്രചാരണത്തിനായി വളരെ ധാരാളം സമയവും അദ്ധ്വാനവും ചിലവഴിച്ചു.

1965 ഡിസംബർ -ൽ ആദ്ദേഹം ബൗദ്ധസന്ദേശങ്ങളുടെ പ്രചാരണത്തിനായി, 'സോസൈറ്റി ഫോർ ദി പ്രൊമോഷൻ ഓഫ് ബുദ്ധിസം' എന്നപേരിൽ ഒരു സംഘടന സ്വകാര്യ നിക്ഷേപങ്ങളുടെ സഹായത്താൽ ബുദ്ധദർശനങ്ങളുടെ മുഖ്യലക്ഷ്യമായ ലോകസമാധാനവും മനുഷ്യക്ഷേമവും സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തെ ആസ്പദമാക്കി ആരംഭിച്ചു.

ഈ സംഘടനയുടെ ഉദ്ദേശലക്ഷ്യം, ശ്രീ യേഹാൻ നുമാത്ത വിഭാവനം ചെയ്തപോലെ, ജാതിമത വർഗ്ഗഭേദമന്യേ ഭഗവാൻ ബുദ്ധന്റെ ഉപദേശങ്ങൾ എല്ലാവർക്കും ലഭ്യമാക്കുകയും അതുമൂലം എല്ലാവരും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പാതയിൽ ജീവിത സന്ധാരണം നടത്തുവാൻ സ്വയം പഠിക്കുകയും ചെയ്യുകയെന്നുള്ളതായിരുന്നു.

ചുരുക്കത്തിൽ, എല്ലാ പരിശ്രമങ്ങളും യഥാർത്ഥബുദ്ധോപദേശങ്ങളുടെ പ്രചാരണത്തിനും പ്രബോധനത്തിനുമായി ചിലവഴിക്കുകയെന്നതാണ് ഈ .

സംഘടന തിരഞ്ഞെടുക്കുന്ന ഒരോ പദ്ധതികളുടെയും അടിസ്ഥാനലക്ഷ്യം.

ജപ്പാനിൽ ബൗദ്ധസംസ്കാരവും പാരമ്പര്യവും വളരെ ബഹുമാനപൂർവ്വം സ്വീകരിച്ചിട്ടുണ്ടെങ്കിലും ഈ പുസ്തകത്തിന് അടിസ്ഥാനമായി സ്വീകരിക്കാവുന്ന, ബുദ്ധമതത്തിന്റെ ദർശനവും ചരിത്രവും അപഗ്രഥിക്കുന്ന, ഒരു ഗ്രന്ഥം ജാപ്പനീസ് ഭാഷയിൽ ഇല്ലായിരുന്നു. അതുകൊണ്ട് 'ശ്രീ ബുദ്ധൻ അരുളിയ സാരോപദേശങ്ങൾ' എന്ന ഈ ഗ്രന്ഥം വളരെ പ്രാധന്യമർഹിക്കുന്നു. മാത്രമല്ല ഇതിൽ അപഗ്രഥിച്ചിരിക്കുന്ന കാര്യങ്ങൾ ബുദ്ധദർശനത്തിന്റെ മൂലഗ്രന്ഥങ്ങളിൽ നിന്ന് പകർത്തിയിരിക്കുന്നതുമാകുന്നു.

ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒരുവന് ആത്മീയ ചോദനയും ഉന്മേഷവും പ്രദാനം ചെയ്യുന്നതിനെയുദ്ദേശിച്ചിട്ടുള്ളതാണ്. അതിനാൽ ഇതിനെ എപ്പോഴും ഒരുവൻ തന്നോടുകൂടെ കൊണ്ടുനടക്കുന്നത് അഭികാമ്യമായിരിക്കും.

ഈ പുസ്തകം ഇനിയും ഇത് ഉദ്ദേശിക്കുന്ന പൂർണ്ണത കൈവരിച്ചിട്ടില്ല, വളരെ ദൂരം ഇനിയും മുന്നോട്ടുപോകുവാനുണ്ട്. എന്നിരുന്നാലും വളരെ അധികം ഗവേഷകരുടെയും പണ്ഡിതന്മാരുടെയും അശ്രാന്ത ശ്രമഫലമായാണ് ഇത് ഇക്കാണുന്ന രീതിയെ പ്രാപിച്ചിരിക്കുന്നത്. ഇതിന്റെ ഉദ്ദേശലക്ഷ്യം ആധുനികലോകത്തിൽ ആധുനിക മനുഷ്യന്റെ പ്രശ്നങ്ങൾക്ക് ഒരു പരിഹാരമെന്ന രീതിയിൽ അവന്റെ മനസ്സിനെ സജ്ജമാക്കുവാൻ ബുദ്ധസംസ്കാരം വർത്തിക്കണം എന്നതാണ്.

അതിനാൽ ഈ സ്ഥാപനം അതിന്റെ ലക്ഷ്യമായി കാണുന്നത്, എല്ലാ ഭവനങ്ങളിലും ഈ അമൂല്യ ഗ്രന്ഥത്തിന്റെ ഒരു പ്രതി എത്തിക്കുകയും, ഈ സന്ദേശം ദുഃഖമനുഭവിക്കുന്ന മനുഷ്യരെ ശാന്തിയിലേക്കും നിത്യ സമാധനത്തിലേക്കും നയിക്കുകയെന്ന മഹത് ഉദ്യമമാണ്.

നിങ്ങളുടെ എല്ലാ വിമർശനങ്ങളും നിരീക്ഷണങ്ങളും സ്വാഗതം ചെയ്യുന്നു. അവ ഞങ്ങൾക്ക് നേരിട്ടെഴുതുക.